Registered No. M-4485 Madras War Review, Malayalam—20-10-1944

# യുദ്ധസഞ്ചിക

വോള്യം IV] മലിരാശി: 1944 ഒക്ടോബർ 20-ാംനു വെള്ളിയാഴ്ച [ലക്കം 7

## ഒക്ടോബർ 21-ാംനു- നാവിദിനം




" വരുന്നുവോ നിങ്ങളുംകൂടി കടൽസൈന്യം തന്നിൽച്ചേരാൻ,
തെരുതെരെയരികളെയരിഞ്ഞൊതുക്കാൻ?"

# "പരാക്രമം നിറഞ്ഞ പതിനാലാം പട"

പതിനാലാം പടയുടെ അധിപൻ ജനറൽ സ്ലിം ഈ ആഴ്ചയിൽ പ്രസിദ്ധംചെയ്യ ഒരു പ്രത്യേക ഉത്തരവിൽ പ്രസ്താവിക്കുന്നു :—

ഇതിന്നുമുമ്പു പുറപ്പെടുവിച്ച ഒരു ഉത്തരവിൽ, നിങ്ങളെ എതൃക്കുന്ന ജാപ്പുപട്ടാളങ്ങളെ നിങ്ങൾ നശിപ്പിച്ചുവെന്നും, നശിപ്പിക്കുന്നതിന്നായി ഇന്നും നിലകൊള്ളുന്നു എന്നും, ഞാൻ പറയുകയുണ്ടായി. നിങ്ങൾ ചെയ്തുതീർത്ത ഈ കൃത്യത്തിൻെറ വ്യാപ്തി ജാപ്പാൻകാർ അനുഭവിച്ച നഷ്ടങ്ങളിൽനിന്ന് തന്നെ വ്യക്തമാകുന്നുണ്ട്. വടക്കൻ ബർമ്മയിലും ഇന്ത്യയിലുമായി 50,000 ജാപ്പാൻകാർ മൃതരായി; നിങ്ങൾ വളരെയധികം സാമാനങ്ങളും തടവുകാരേയും പിടിച്ചു; വളരെയധികം മുന്നോട്ടു കയറി. നിങ്ങൾ ജാപ്പുസേനയിൽ അവശേഷിച്ചവരെ പിടിക്കുന്നതിന്നു ഇന്നു പോരാടിവരുന്നു. ഇതൊക്കെ നിങ്ങളുടെ നേട്ടങ്ങളെത്രമാത്രമാണെന്നു തെളിയിക്കുന്നു.

ജാപ്പാൻെറ മികച്ച ആക്രമണത്തെ ആദ്യമായി തട്ടിത്തെറിപ്പിക്കുവാനും ചിന്നിച്ചിതറിക്കുവാനും സാധിച്ച ഒന്നാമത്തെ ബ്രിട്ടീഷ് ഇന്ത്യൻ വിഭാഗമെന്ന ബഹുമതി നേടിയത് 15-ാമത്തെ വിഭാഗമാണ്. പതിനാലാം പടക്കു മുഴുവനും പ്രചോദനം നൽകിയ ഒരു ധീരകൃത്യമാണു അതു്.

ആസ്സാമിന്നു തെക്കുണ്ടായ ജാപ്പാൻകാരുടെ അക്രമണത്തിൽ, ഈ യുദ്ധത്തിലെ ഏററവും വിഷമം പിടിച്ചതും നീണ്ടുനിന്നതുമായ ഈ സമരത്തിൽ, നാലാം വിഭാഗം ജാപ്പാൻകാരെ താറുമാറാക്കിക്കളഞ്ഞു.

മുപ്പത്തിമൂന്നാമത്തെ വിഭാഗമാകട്ടെ, വടക്കു നിന്നു ആക്രമിച്ച ജാപ്പാൻസേനയെ വിരട്ടിയോടിച്ചുവെന്നുമാത്രമല്ല, നശിപ്പിക്കുകൂടിചെയ്തു. മുപ്പത്തിമൂന്നാമത്തെ വിഭാഗം നാലാം വിഭാഗത്തിൻെറ സഹായത്തൊടുകൂടി ഇന്ത്യയിൽനിന്നു ജാപ്പാൻകാരെ ചവിട്ടിപ്പായിച്ചു.

നാം സഖ്യസേനയിലെ വിമാനശക്തിയ്ക്കു എത്രമാത്രം കടപ്പെട്ടവരാണെന്നു് ഞാൻ നിങ്ങളെ ഓർമ്മിപ്പിക്കേണ്ടതില്ല. അവരുടെ സഹായത്തെ അടിസ്ഥാനപ്പെടുത്തിയിട്ടായിരുന്നു നമ്മുടെ യുദ്ധതന്ത്രം മുഴുവനും. അവർ നമുക്കു് സഹായിച്ചിരുന്നില്ലെങ്കിൽ, നാം വിജയിക്കുമായിരുന്നില്ല.. ഈ വിജയത്തിൽ അവക്കുള്ള പങ്കു് വിശേഷവും ചരിത്രപരവുമാണ്. ശത്രുവിനേക്കാൾ മേൽക്കിടയിലല്ലാത്ത ഒരു വിഭാഗം പോലും പതിനാലാം പടയിലില്ല.

പതിനലാം പടയിലെ എല്ലാ പട്ടാളക്കാക്കും ആഫീസർമാക്കും ഞാനെൻെറ അഭിനന്ദനങ്ങൾ നൽകുന്നു.

ജാപ്പാൻസേന ഇതേവരെ അനുഭവിക്കാത്ത വിധത്തിലുള്ള കഷ്ടനഷ്ടങ്ങളാണ് നിങ്ങൾ അവരിൽ ഏല്പിച്ചിരിക്കുന്നതു്. താറുമാറായ സേനാവിഭാഗത്തെ വീണ്ടും ശക്തിപ്പെടുത്തുന്നതിന്നു് ശത്രു കിണഞ്ഞുപാടുപെടുകയാണ്. അവൻ ഇനിയും യുദ്ധം ചെയ്യും; എന്നാൽ നാം നമുക്കു കൊടുക്കാനുള്ളതിൽ കുറച്ചുമാത്രമേ അവന്നു് നൽകിയിട്ടുള്ളു. പലിശ ഇനിയും ബാക്കിയുണ്ടു്. ശത്രുവിന്നു് അതു കിട്ടുകയും ചെയ്യും.



സർ ട്രാഫോർഡ് ലീ മാല്ലൊറി, സൌത്ത് ഈസ്റ്റ് ഏഷ്യ കമാണ്ടിൻെറ പുതിയ സൈന്യാധിപൻ



സർ റിച്ചാർഡ് പീയേർസി, മുമ്പത്തെ വിമാന സൈന്യാധിപൻ

# യുദ്ധസഞ്ചിക

## പ്രതിവാരപത്രം

മദിരാശി: 1944 ഒക്ടോബർ 20-ാംനു-, വെള്ളിയാഴ്ച


# കിഴക്കൻ പ്രദേശത്തിൽ കടൽസൈന്യത്തിന്നുള്ള കൃത്യങ്ങൾ

ബ്രിട്ടീഷ് കപ്പൽപ്പട ഇന്ത്യയുടെ ചുററിലുമുള്ള കടലുകളിൽ പ്രവൎത്തനം ആരംഭിച്ചിരിക്കുന്ന ഈ ശുഭമുഹൂൎത്തത്തിൽ, ഇന്ത്യയിൽ ആദ്യമായി നാവിദിനം ആഘോഷിക്കുന്നതു് ഏററവും സന്ദൎഭോചിതമായിരിക്കുന്നു. ഒക്ടോബർ 21-ാം തിയ്യതിയിലെ ഈ ആഘോഷങ്ങൾനിമിത്തം ഇന്ത്യാസമുദ്രത്തിലുള്ള സുശക്തമായ കപ്പൽപ്പടയുടെ മാത്രമല്ല, റോയൽ ഇന്ത്യൻ നാവിക്ക് ഇന്നുള്ളതും ഭാവിയിലുണ്ടാവാൻപോകുന്നതുമായ പ്രാധാന്യത്തെ കൂടി ജനങ്ങളെ മനസ്സിലാക്കിക്കൊടുക്കുന്നതിന്നും ഈ ആഘോഷങ്ങൾ ഉപകരിക്കും.

നമ്മുടെ രാജ്യത്തെ സുശക്തമാക്കിത്തീക്കണമെന്നു ആശിക്കുന്ന എല്ലാവരും സ്വാഗതം ചെയ്യേണ്ട ഒരവസരമാണിതു്. ബ്രിട്ടനിലെ ജനങ്ങൾക്കു സമുദ്രത്തിലുള്ള ആധിപത്യത്തെ സംബന്ധിച്ചുള്ള പാരമ്പൎയ്യങ്ങൾ തികച്ചും മനസ്സിലാക്കുന്നതു് നമുക്കു അത്ര എളുപ്പമല്ല. "ബ്രിട്ടൻ സാമാനങ്ങൾ നൽകുന്നു" എന്നതു വെറും ഒരു കച്ചവടവാക്കല്ല. അതിൻെറ പിന്നിൽ ബ്രിട്ടനിലെ കപ്പൽകാരുടെ നൈപുണ്യവും ധീരതയും, സ്വതസിദ്ധമായ സാമൎത്ഥ്യവും കിടക്കുന്നുണ്ടു്.

ഇന്നും നെൽസൻെറ ആ ധീരോദാത്തത ബ്രിട്ടീഷ് കപ്പൽ പടയാളിയിൽ ജീവിച്ചിരിപ്പുണ്ടു്. അക്കാലത്തുള്ള ആ കൎത്തവ്യബോധവും, അചഞ്ചലമായ ധൈൎയ്യവും ഇന്നത്തെ കപ്പൽപ്പടയാളിയിലും സജീവമായി ത്തന്നെ ഇരിയ്ക്കുന്നു. ഈ യുദ്ധത്തിൻെറ ആദ്യദശകളിൽ, ബ്രിട്ടനും ജൎമ്മനിക്കും മദ്ധ്യത്തിൽക്കിടന്ന കപ്പൽസേന വലിയ സേവനങ്ങൾ ചെയ്തിട്ടുണ്ടു്. അത്ലാന്തിക്ക് സമുദ്രത്തിൻെറ അക്കരെനിന്നു് സാമാനങ്ങൾ കൊണ്ടുവരുന്നതിനെതടയാൻ നാസികൾ ആവുന്നതും ശ്രമിച്ചുനോക്കി. ഈ പരീക്ഷയിൽ കപ്പൽസേന ദൃഢമായിനിന്നു വിജയിക്കുകയും ചെയ്തു. അന്നും ഏതാണ്ടു് 9,000 കച്ചവടക്കപ്പലുകൾ ഗതാഗതം ചെയ്തുകൊണ്ടേയിരുന്നു. ബ്രിട്ടനിലെ ഓരോരുത്തരിലും കപ്പൽപ്പടയാളിയുടെ ഒരംശം ഉണ്ടെന്നു പറയാം. ഈ സംഗതി തികച്ചും വ്യക്തമായതു് ഡൺകിൎക്കിലെ ആ ഭയനീയ സംഭവത്തിലാണു്. ഈ ഭയനീയ സംഭവത്തെ വിശ്രുതമായ ഒരു വീരകഥയായി മാററിയതു് കപ്പൽസേനയുടെ ശുഷ്ക്കാന്തിയാലും പാടവത്താലുമാണു്.

എല്ലാ കാലാവസ്ഥകളിലും, അത്ലാന്തിക് സമുദ്രത്തിലൂടേയും, കൊടുങ്കാററടിക്കുന്ന മഞ്ഞിൻകട്ട നിറഞ്ഞ ആർട്ടിക് സമുദ്രത്തിലൂടേയും, കപ്പൽസേന ശത്രുവിൻെറ മുങ്ങിക്കപ്പലുകളെ എതിൎത്തു പൊരുതി നശിപ്പിച്ചുകൊണ്ടു, ഭക്ഷണം, ഭടന്മാർ, ആയുധസാമഗ്രികൾ ഇവയും വഹിച്ചു ഗതാഗതം ചെയ്തു. പുതിയ ആയുധങ്ങൾ കപ്പൽസേനയ്ക്കു അത്യാവശ്യമായി. ആകാശസേന വിഭാഗം കപ്പൽസേനയുമായി ഘടിപ്പിച്ചു. ഏതാണ്ടു രണ്ടു കൊല്ലങ്ങൾക്കു നമ്മുടെ കപ്പൽസേന വളരെ അധികം ശക്തിമത്തായിത്തീർന്നു. ആഫ്രിക്കൻ തീരത്തു ഒരു വമ്പിച്ച പട്ടാളത്തെ ഇറക്കുവാൻ സഖ്യശക്തികൾക്കു ഇക്കാരണത്താലാണു് സാധ്യമായതു്.

ഇന്നു് സഖ്യശക്തികളുടെ കപ്പൽസേന ഏററവും അധികം ശക്തിമത്തായ ഒന്നാണു്. തന്മൂലമാണു്, ഒരു വമ്പിച്ച കപ്പൽസേനാവിഭാഗത്തെ ഇന്ത്യൻ സമുദ്രത്തിലേയ്ക്കു നീക്കുന്നതിന്നു ഇത്ര എളുപ്പത്തിൽ സാധിച്ചതു്.



### പരിചയം നേടിയ പടയാളികൾ

ഇന്നു് ഇന്ത്യൻ കടലുകളിൽ ഉള്ള കപ്പൽസേനയിലെ ഭടന്മാർ വളരെയധികം സമരങ്ങളിൽ തഴക്കവും പഴക്കവും ലഭിച്ചവരാണെന്ന വസ്തുത പ്രസ്താവയോഗ്യമാണു്. യൂറോപ്പിലെ കടലുകളിൽനിന്നു് നാസികളെ നായാടിപ്പായിച്ചതു ഈ സേനയത്രേ. ഇക്കൊല്ലം ജൂൺ 6-ാം തിയ്യതി യൂറോപ്പിനെ ആക്രമിക്കുന്നതിന്നായി, ഒരു വമ്പിച്ച പടയെ നോൎമ്മണ്ടിയിൽ ഇറക്കിയതു ഈ സേനയാണു്. ഈ ആക്രമണസേനയിൽ 4,000 കപ്പലുകൾ നിറയെ ഭക്ഷണവും ലക്ഷക്കണക്കിൽ തോക്കുകളും കനത്ത ടാങ്കുകളും, സാമഗ്രികളും മററും അടങ്ങിയിരുന്നു. ഈ സേനയിലെ പോരാളികൾ കഴിഞ്ഞ 5 കൊല്ലങ്ങളോളമായി കടൽ യുദ്ധത്തിൽ പരിചയവും അച്ചടക്കവും നേടി റോയൽ നാവിയിലെ സവിശേഷ പാരമ്പൎയ്യങ്ങൾ സൎവ്വവും കയ്യിലാക്കിയവരാണു്. ഡൺകിൎക്കിൽനിന്നു ബ്രിട്ടീഷു പടയെ രക്ഷപ്പെടുത്തിയവരും ജനറൽ ഐസൻഹോവരുടെ നേതൃത്വത്തിൽ നടക്കുന്ന ആക്രമണത്തിന്നു വേണ്ട സേനകളേയും സജ്ജീകരണങ്ങളേയും എത്തിച്ചവരുമായ ഈ സേനാവിഭാഗം ജപ്പാൻെറ ക്രൂരതകളിൽനിന്നു വലയുന്ന ആയിരമായിരം ജനതകളെ വിമോചിക്കുന്നതിന്നാണു് വന്നിരിക്കുന്നതു്. കിഴക്കൻ രാജ്യത്തെ ഡൺകിൎക്കാണു് സിങ്കപ്പൂർ ജപ്പാനെതിരായി അടുത്തു തന്നെ ഉണ്ടാവാൻ പോവുന്ന യുദ്ധത്തിൻെറ മുഖ്യ ഉദ്ദേശം സിങ്കപ്പൂരിൻെറ വിമോചനമാണു്.

### കപ്പൽപ്പടയുടെ മൂന്നു ലക്ഷ്യങ്ങൾ

ലോകമെങ്ങും പരന്നു കിടക്കുന്ന ഈ യുദ്ധത്തിൽ കപ്പൽസേനക്കുള്ള കൃത്യങ്ങൾ മൂന്നു പ്രകാരത്തിലാണു്. പ്രത്യേകിച്ചും കിഴക്കു ഇവയ്ക്കു കൂടുതൽ പ്രാധാന്യമുണ്ടു്. ഇന്ത്യൻ സമുദ്രത്തിലുള്ള വമ്പിച്ച കടൽ സൈന്യത്തിൻെറ ഒന്നാമത്തെ കൃത്യം കടലോരങ്ങളെയും കപ്പൽഗതാഗതങ്ങളേയും കാത്തുരക്ഷിക്കയാണു്. കടൽ സൈന്യം കാരണമായിട്ടാണു് ഇന്നു മദിരാശിയിലും കൊളമ്പിലും വിളക്കുകൾ വീണ്ടും പ്രകാശിക്കാൻ ആരംഭിച്ചതു്. അല്ലെങ്കിൽ നാം ഇപ്പോഴും "ബ്ലാക്ക് ഔട്ട്" അനുഭവിക്കേണ്ടിവരുമായിരുന്നേനേ. ഈ ഒരു സൌകൎയ്യം ലഭിച്ചതിൽ നമുക്കു കടൽ സൈന്യത്തോടു വലിയ കടപ്പാടുണ്ടു്.

ജപ്പാൻെറ നേൎക്കുള്ള യുദ്ധങ്ങളിൽ പങ്കെടുക്കുകയാണു് രണ്ടാമത്തെ ജോലി. ഈ കൃത്യം ഇന്നും തുടൎന്നു വരുന്നു, ആക്രമണയുദ്ധത്തിന്നു വേണ്ട എല്ലാ പരിശീലനങ്ങളും പടയാളികൾക്കു ഇപ്പോൾത്തന്നെ നൽകിവരുന്നുണ്ടു്. ഒരു വമ്പിയ പടയിറക്കത്തിന്നു, കടൽസേന പട്ടാളത്തെ വഹിച്ചുകൊണ്ടു പോകണം. കടലിലൂടെയുള്ള ഈ പോക്കു അത്ര എളുപ്പമല്ല. ചുറുചുറുക്കും ധീരതയും സമരനൈപുണ്യവും ഈ കൃത്യത്തിന്നു് ആവശ്യമാണു്. ഏററവും പ്രധാന്യമായ മൂന്നാമത്തെ കൃത്യം ശത്രുവോടു് കടൽയുദ്ധം ചെയ്യുകയാണു്.

### ജപ്പാനോടുള്ള വെല്ലുവിളി

കടൽ യുദ്ധത്തിന്നുള്ള വെല്ലുവിളിയെ ജപ്പാനു് ഇന്നോ, നാളെയൊ സ്വീകരിക്കേണ്ടിവരും. ജപ്പാൻ അവരുടെ വിമാനശക്തിയെ അധികരിപ്പിക്കാൻവേണ്ടി ഏററുമുട്ടാതെ വൈകിക്കുന്നപക്ഷം, പിടിച്ചടക്കിയ പല രാജ്യങ്ങളും ജപ്പാന്നു നഷ്ടപ്പെടും. ജപ്പാൻെറ സ്വന്തരാജ്യമായ ദ്വീപുകൾ സഖ്യശക്തികളാൽ വളയപ്പെടുകയും ചെയ്യും. ജപ്പാന്നു കിട്ടുന്ന കടുത്ത പ്രഹരങ്ങൾ അധികവും കടലിൽവെച്ചു തന്നെയായിരിക്കും. ഒരു ദ്വീപുസാമ്രാജ്യത്തിൻെറ നിലനില്പിൻെറ അടിസ്ഥാനം കടൽമാൎഗ്ഗമായുള്ള സന്ദേശ സൌകൎയ്യങ്ങളും, ഗതാഗത വ്യവസ്ഥകളുമാണല്ലോ. ജപ്പാൻകാൎക്കു ഇതറിയാം; അവരൊരു വിഷമത്തിൽ കുടുങ്ങിയിരിയ്ക്കയാണു്. ഓരോ ദിവസത്തെ താമസവും സഖ്യശക്തികൾക്കു ആനുകൂല്യം ഉണ്ടാക്കുന്നു. ഈ വൈകിയ അവസരത്തിൽ, ജപ്പാൻകാർ അവരുടെ കപ്പൽസേനയ്ക്കു വേണ്ട വിമാനശക്തി നിൎമ്മിക്കുന്നതിന്നു ഒരുങ്ങുന്നപക്ഷം, അവരുടെ വിനാശകാലം വിചാരിച്ചതിലും അധികം അടുത്തിരിക്കുന്നു.

ഈ നാവിദിനാഘോഷത്തിൽ, യുദ്ധത്തിൻെറ ഗതി കിഴക്കോട്ടു തിരിഞ്ഞിരിക്കുന്നുവെന്നും, ജപ്പാനെതിരായുള്ള വമ്പിച്ച സമരത്തിന്നുള്ള സഖ്യശക്തികളുടെ സംരംഭങ്ങൾ കണ്ടുതുടങ്ങിയെന്നും നമുക്കു പ്രസ്താവിക്കാം. കപ്പൽസേനയുടെ വരവു, പൊതുജനങ്ങൾക്കാകെ ആഹ്ലാദകരമായ ഒന്നാണു്. ഇന്ത്യയുടെ രക്ഷമാത്രമല്ല ഇതു കുറിക്കുന്നതു്. നിപ്പണിലെ കൊള്ളക്കാരുടെ ബന്ധനത്തിൽകിടന്നു നരകിക്കുന്ന ഇന്ത്യയുടെ കിഴക്കായികിടക്കുന്ന രാജ്യങ്ങളിലെ ആളുകൾക്കു കൂടി, ഇതൊരു അഹ്ലാദവേളയാണു്.

# ആഴ്ചക്കുറിപ്പുകൾ

## ജർമ്മനിക്കു കഠിനശിക്ഷകൾ.

"നാം, അവർ നമുക്കു തന്നതിന്റെ മൂന്നിരട്ടി, അവക്കു അങ്ങോട്ട് മടക്കികൊടുക്കും" 1940 ൽ ജർമ്മൻകാർ ലണ്ടൻമീതെ ഘോരമായ ബോമ്പുവർഷം നടത്തിയിരുന്ന കാലത്തു ബ്രിട്ടനിലെ പ്രധാനമന്ത്രി പറഞ്ഞ വാക്കുകളാണിതു്. ഈയിടെ ജർമ്മനിമേലുണ്ടായ കടുത്ത ബോമ്പേറുകൾ മി. ചർച്ചിലിന്റെ വാക്കുകളെ തികച്ചും സാർത്ഥമാക്കിയിരിക്കുന്നു. ഗോയറിങ്ങ് വിക്ഷാദത്തോടെ ജർമ്മൻ ജനങ്ങൾക്കു നൽകിയ താക്കീതു് നമ്മെ അത്ഭുതപ്പെടുത്തുകയില്ല. ഗോയ്റിങ്ങ് പറഞ്ഞു: "നാം നമ്മുടെ നിലനില്പിന്നു വേണ്ടിയാണു് പൊരുതുന്നതു്. യാതൊരു രാജ്യവും ഇതേവരെ അനുഭവിക്കാത്ത അത്ര കടുത്ത പ്രഹരങ്ങൾക്കാണു് നാമിന്നു വിധേയരായിരിക്കുന്നതു." ഇതുതന്നെയാണു് സഖ്യശക്തികൾക്കാവശ്യവും. ആക്രമണം തുടർന്നു തന്നെ വരുന്നു; ഇനിയും അതിന്നു കാഠിന്യം കൂട്ടുകയും ചെയ്യും. എന്തുകൊണ്ടാണു് ജർമ്മൻ വിമാന സൈന്യം ഫലപ്രദമായ യാതൊരു എതൃപ്പും കാണിക്കാത്തതു്? ജർമ്മനിക്കു യുദ്ധാരംഭത്തിൽ ഉണ്ടായിരുന്നതിനേക്കാൾ വിമാനബലം ഇന്നുണ്ടു്. എന്നാൽ സഖ്യശക്തികളുടെ വിമാനാക്രമണം നിമിത്തം നാസികൾക്കു എണ്ണ കിട്ടുവാനുള്ള സൌകര്യങ്ങൾ കുറഞ്ഞു. തന്മൂലം 30 ശതമാനത്തോതിൽ വിമാനമോടിക്കൽ നിർത്തുന്നതിന്നു ജർമ്മനി നിർബ്ബന്ധിതമായി. വൈമാനികന്മാർക്കു നൽകുന്നതിന്നു ജർമ്മനിയിൽ വേണ്ടത്ര പെട്രോളില്ല.

കരയിൽനിന്നുള്ള പ്രഹരങ്ങൾ ഭയങ്കരമാംവിധം തുടരുന്നു. ശത്രു ഹോളണ്ടിലും ആക്കൻ രംഗത്തിലും കിണഞ്ഞുചെറുത്തു നിൽക്കുന്നുവെന്നതു ശരിതന്നെ. ഉടനെത്തന്നെ ആൻവെപ്പ് സഖ്യശക്തികൾക്കു സാമാനങ്ങൾ നൽകുന്ന ഒരു കേന്ദ്രമായിവരും. കാരണം ഷെൽട്ടിലുള്ള ജർമ്മൻ സേന ഒററപ്പെട്ടു കഴിഞ്ഞിരിക്കുന്നു. ഷെൽട്ടിലോ, ആൺഹീമിലോ, ആക്കനിലോ, എവിടെയായാലും, ജനറൽ ഐസൻഹോവർ പറഞ്ഞപോലെ "നമുക്കു ഒരു വിക്ഷമം പിടിച്ച കൃത്യം ചെയ്യാനുണ്ടു്. പക്ഷേ വിജയം തീർച്ചയാണു്."


## യൂറോപ്പിന്റെ കിഴക്കൻ രംഗം

നിങ്ങൾക്കു ഭൂമിശാസ്ത്രസംബന്ധമായ കാര്യങ്ങൾ നല്ല വിവരമില്ലെങ്കിൽ, ഒരു ഭൂപടം അത്യാവശ്യമാണു്, ഉത്തര ധ്രുവസമുദ്രം മുതൽ മദ്ധ്യധരണിക്കടൽ വരെ നീണ്ടു കിടക്കുന്ന ഈ യുദ്ധരംഗത്തെപ്പററി തികച്ചും മനസ്സിലാക്കുന്നതിന്നു്. ഫിൻലണ്ടിൽ റഷ്യക്കാർ പെസ്റ്റമോവിൽ എത്തികഴിഞ്ഞിരിക്കുന്നു. ഇതു ഫിൻലണ്ടിന്റെ കൈവശമുള്ള ഏററവും പ്രധാനമായ ഒരു തുറമുഖമാണു്. ഈ തുറമുഖം റഷ്യയുടെ കൈവശം വന്നതോടുകൂടി വടക്കുള്ള ജർമ്മൻ സേനയുടെ വിധിക്കു മുദ്രവെച്ചിരിക്കുന്നു. അക്കുവ ഉത്തര ധ്രുവത്തിലെ മഞ്ഞിൽക്കിടന്നു നരകിക്കുകയേ ഇപ്പോൾ നിവൃത്തിയുള്ളൂ. എസ്റ്റോണിയ, ലാററിവ, ലിത്വേനിയ എന്നീ രാജ്യങ്ങളുടെ കടൽക്കരകളിലും ഇതേമാതിരി ഏതാണ്ടു് 15,000 ജർമ്മൻകാർ കെണിയിൽ പെട്ടുപോയിട്ടുണ്ടു്.

ഈസ്റ്റ്പ്രഷ്യയുടെ ലിത്വേനിയൻഅതൃത്തിയിൽ ചുകപ്പു സേന കടുത്ത പ്രഹരങ്ങൾ ആരംഭിച്ചുകഴിഞ്ഞിരിക്കുന്നു. ഈസ്റ്റ്പ്രഷ്യയെ ചുകപ്പു സേന വളയുമെന്നും, ജർമ്മനിയിൽനിന്നു ഒററപ്പെടുത്തുമെന്നും ജർമ്മൻകാർ മുൻകൂട്ടി മനസ്സിലാക്കിത്തുടങ്ങിയിരിക്കുന്നു. അങ്ങിനെ റഷ്യക്കാർ ഡാൻസിഗിലേക്കാണു് യാത്ര ചെയ്യാൻ ഭാവമെന്നും അവർ പറയാൻ തുടങ്ങിയിട്ടുണ്ടു്. നാറുറു നാഴിക വീണ്ടും തെക്കായി ചെക്കോസ്ലവാക്യയിൽ ദേശാഭിമാനികൾ നാസികൾക്കു എതിരായി യുദ്ധം ആരംഭിച്ചു തുടങ്ങി; പ്രസിഡെണ്ട്ബനേക്ഷ് ആദ്യത്തെ സേനയെ രൂപീകരിച്ചു കഴിഞ്ഞു. ഹങ്കറിയിൽ വല്ലാത്ത വേവലാതിയായിരിക്കുന്നു. റഷ്യൻസേന ബുഡാപെസ്റ്റിലേക്കു മുന്നോട്ടു കയറുംതോറും സമാധാനം സ്ഥാപിക്കാനുള്ള ശ്രമങ്ങൾ മുറുകി വരുന്നു. ബൾഗേറിയ അവസാനം ഗ്രീസിൽനിന്നു പടയെ പിൻവലിച്ചു. അത്തൻസിന്റെ സ്വാതന്ത്ര്യം ത്വരിതമായതു് ഇക്കാരണത്താലാണു്.

# ലോകമഹായുദ്ധം ഇങ്ങിനെ കാണുക




## ഫ്രാൻസിന്നുള്ള സഹായം

ഒക്ടോബർ 14-ാംനു വൈകുന്നേരം ജനറൽ ഡിഗാൾ തന്റെ നാട്ടുകാരോടു ഒരു പ്രക്ഷേപിണി പ്രസംഗം ചെയ്തു. സഖ്യശക്തികൾ ഫ്രാൻസിന്നു വേണ്ട സഹായങ്ങൾ ചെയ്യുന്നില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ ആക്ഷേപം. അതായതു, ഫ്രാൻസിലെ തൊഴിൽശാലകളും, ഖനികളും, റെയിൽവേകളും, സന്ദേശവാഹന സ്ഥാപനങ്ങളും, പുനഃനിർമ്മിക്കുന്നതിന്നുവേണ്ട ഒത്താശകൾ ലഭിക്കുന്നില്ലെന്നു്. അദ്ദേഹം തന്നെ സമ്മതിച്ചു, യുദ്ധം അവസാനിച്ചിട്ടില്ലാത്തതിനാൽ സഖ്യശക്തികളുടെ പ്രധാന ചിന്ത ഇന്നു യുദ്ധനിർവ്വഹണത്തിലാണെന്നു്. ഇങ്ങിനെയുള്ള ഒരു പ്രസ്താവന ജനറൽ ഡിഗാളിൽനിന്നു പുറപ്പെട്ടതാണു് അതിശയം. യുദ്ധം മൂലം നാശങ്ങൾപററിയ രാജ്യം ഫ്രാൻസ് ഒന്നുമാത്രമല്ല. ഹോളണ്ട്, ബൽജിയം, ഗ്രീസ്, പോളണ്ട്, റഷ്യ ഈ രാജ്യങ്ങളിലൊക്കെയും വളരെയധികം കഷ്ടനഷ്ടങ്ങൾ വന്നുചേർന്നിട്ടുണ്ടു്. ബ്രിട്ടനും മറേറതു രാജ്യത്തെപ്പോലെയും നഷ്ടങ്ങൾ അനുഭവിച്ചിരിക്കുന്നു.

ഈ വക രാജ്യങ്ങളെ പുനർനിർമ്മിക്കുന്നതിന്നു മുമ്പത്തെ നിലയിലെത്തിക്കുന്നതിന്നുമായിട്ടു രൂപീകരിച്ച ഒരു സംഘടനയാണു് യു. എൻ. ആർ. ആർ. എ. 44 രാഷ്ട്രങ്ങൾ ഈ സമിതിയിൽ ചേർന്നു കഴിഞ്ഞിട്ടുണ്ടു്. യൂറോപ്പിലേയും കിഴക്കൻ ഏഷ്യയിലേയും, ജനങ്ങളേയും, രാജ്യങ്ങളേയും സംബന്ധിച്ച പല തീരുമാനങ്ങളും ഇതിനിടെത്തന്നെ ചെയ്തുകഴിഞ്ഞിരിക്കുന്നു. പക്ഷെ ഒരു വമ്പിച്ച യുദ്ധവും അതോടൊപ്പം തന്നെ പുനഃനിർമ്മാണവും ചെയ്യുക എന്നതു സാദ്ധ്യമല്ല. ബ്രിട്ടൻ, യു. എൻ. ആർ. ആർ. എ. ക്കു വളരെയധികം സാമഗ്രികൾ സമർപ്പിച്ചിട്ടുണ്ടു്. ബിസ്കററ്, തുണി, മരുന്നുകൾ, വിത്തുകൾ എന്നീ സാമഗ്രികൾ ആയിരക്കണക്കിലുള്ള ടണ്ണുകൾ, ബ്രിട്ടൻ ഏല്പിച്ചിരിക്കുന്നു.

യുദ്ധനിർവ്വഹത്തിന്നു കോട്ടം തട്ടാത്തവിധത്തിൽ, എന്തും കാര്യവും ഏതു രാജ്യത്തിന്നും ചെയ്യുന്നതിൽ സഖ്യശക്തികൾ മടിക്കുന്നില്ല. ഫ്രാൻസിന്നും, മററു സ്വതന്ത്രമാക്കപ്പെട്ട രാജ്യങ്ങൾക്കും ഇവ പ്രത്യേകിച്ചും ബാധകമാണു്.

## ജപ്പാനിൽ ജനങ്ങളനുഭവിക്കുന്ന ദുരിതങ്ങൾ

ജപ്പാനിലുള്ള ജനങ്ങളുടെ സ്ഥിതിഗതികളെപ്പററി ഈയിടെ ജപ്പാനിലെ യുവജനപ്രസ്ഥാനത്തിന്റെ നേതാവും, സോവിയററു യൂനിയനിലെ ജപ്പാനീസ് അമ്പാസിഡറുമായിരുന്ന യൊഷേട്സുഗു ടടേകവാ ഒരു റേഡിയോ പ്രസംഗത്തിൽ വിവരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ പ്രസംഗോദ്ദേശ്യം ജനങ്ങൾക്കിടയിലുള്ള ചില അഭിപ്രായങ്ങൾ തിരുത്തുകയായിരുന്നു. കാര്യങ്ങളെല്ലാം അറിയേണ്ടുന്ന നേതാക്കളുടെ കയ്യിൽ എല്ലാം സമർപ്പിക്കുക എന്നായിരുന്നു പ്രസംഗസാരം. പക്ഷെ ജപ്പാനിലെ ആളുകൾ അനുഭവിച്ചുവരുന്ന നാലു വിക്ഷമങ്ങളെയും അദ്ദേഹം കൂട്ടത്തിൽ വെളിപ്പെടുത്തി. അവിടത്തെ (1) ഭക്ഷണസ്ഥിതി, കഴിഞ്ഞ നാലു മാസക്കാലത്തോളമായി തായ്ലണ്ടിൽനിന്നും, ഇന്തോചൈനയിൽനിന്നും ജപ്പാനിലേയ്ക്കു യുദ്ധ സാമഗ്രികൾ ഇറക്കുമതിയില്ലാത്തതിനാൽ മോശമായിരിക്കുന്നു. യുദ്ധസാമഗ്രികൾക്കുള്ള സാധനങ്ങൾ കൊണ്ടുപോവുന്നതിന്നു എല്ലാ കപ്പലുകളും നീക്കിവെച്ചിരിക്കയാണു്. മഞ്ചൂറിയയിൽ കൂടുതൽ കൃഷി വർദ്ധിപ്പിച്ചു ഈ വിക്ഷമം തരണം ചെയ്യുന്നതിന്നു ജാപ്പാൻ പരിശ്രമിച്ചുനോക്കി. തന്മൂലം, ആളുകൾ ജോലിയില്ലാതായി. (2) അക്കാരണത്താൽ വിമാനോല്പാദനം കുറഞ്ഞു. (3) വിമാന ദൌർല്ലഭ്യം നിമിത്തം കടൽസൈന്യത്തിന്നു സ്തംഭിച്ചുനിൽക്കയേ നിവൃത്തിയുള്ളുവെന്നായി. സഖ്യശക്തികളുടെ കടൽസേന മുന്നോട്ടു കയറുന്നതു് കണ്ടിട്ടും ജപ്പാനീസ് കടൽസൈന്യം മിഴിച്ചു അനങ്ങാതെ നിൽക്കുന്നതിന്റെ രഹസ്യം ഇതാണു്. (4) ജർമ്മനിയുടെ പരാജയങ്ങൾ. ഇതു ജപ്പാനിലെ ജനങ്ങളിൽ വല്ലാത്ത വേവലാതിയാണുണ്ടാക്കുന്നതു്.

## ഡമ്പാർട്ടൻ ഓക്ക്സ് സമ്മേളനം

ഡമ്പാർട്ടൻ ഓക്ക്സിൽ വെച്ചുചേർന്ന ലോകരക്ഷാസമ്മേളനത്തിലെ തീരുമാനങ്ങളും അഭിപ്രായങ്ങളും ഒക്ടോബർ 9-ാംനു പ്രഖ്യാപിക്കപ്പെട്ടിരിക്കുന്നു. ഈ പ്രഖ്യാപനങ്ങളെല്ലാംതന്നെ വളരെ പ്രധാനമായവയാണു്. പഴയ സർവ്വരാഷ്ട്ര സംഘത്തിന്റെ (ലീഗ് ഓഫ് നേഷൻസ്) നിയമങ്ങളേക്കാൾ പലതുറകളിലും വ്യത്യസ്തവും പുരോഗമനോന്മുഖവുമാണു് ലോകരക്ഷാസമ്മേളനത്തിലെ തീരുമാനങ്ങൾ. പ്രത്യേകിച്ചും പ്രധാനമായ രണ്ടെണ്ണം ഇവിടെ പ്രസ്താവയോഗ്യമാണു്. പുതുതായി രൂപീകരിച്ച ലീഗിന്റെ ജനറൽ അസ്സംബ്ലിയുടെ പേർ "ഐക്യരാഷ്ട്രങ്ങൾ" എന്നായിരിക്കും. ഈ പേർ വളരെയധികം ആകർഷണീയവും അർത്ഥവത്തുമാണു്. വിജയകരമായ യുദ്ധനിർവ്വഹണത്തിന്നു ഒരുങ്ങിപ്പുറപ്പെട്ട രാഷ്ട്രങ്ങൾക്കെല്ലാം പൊതുവിൽപറയുന്ന പേരാണു് ഐക്യരാഷ്ട്രങ്ങൾ. യുദ്ധാനന്തരം, സമാധാന സംരക്ഷണത്തിന്നുള്ള പരിശ്രമങ്ങളിലും ഈ രാജ്യങ്ങളെല്ലാം ഒന്നിച്ചുചേരുന്നതു ഏററവും ആശാവഹമായ ഒരു സംഗതിയത്രേ.

ഈ സംഘടനയിൽ "സമാധാന കാംക്ഷികളായ എല്ലാ രാഷ്ട്രങ്ങൾ"ക്കും ചേരാവുന്നതാണു്. എല്ലാ രാഷ്ട്രങ്ങൾക്കും ചേരാൻ സാദ്ധ്യമല്ല; സർവ്വ രാഷ്ട്ര സംഘത്തിൽ അതിന്നു സാദ്ധ്യമായിരുന്നു. തന്നിമിത്തം പല രാഷ്ട്രങ്ങളും ഇതിൽ ചേർന്നു, അവരിൽ ചില അക്രമികളായിരുന്നു; മററു ചില രാഷ്ട്രങ്ങൾ മനക്കരുത്തില്ലാത്തവയും. തന്നിമിത്തം

സുരക്ഷിതമായ ഒരു ലോകസമാധാനം സ്ഥാപിക്കുന്ന കാര്യത്തിൽ സർവ്വരാഷ്ട്രസഖ്യം പരാജയപ്പെട്ടു.


എന്നാൽ ഈ പുതിയ രക്ഷാസമിതിയിൽ അക്രമരാജ്യങ്ങൾക്കെതിരായി, ഈ സംഘടനയിലെ അംഗങ്ങൾക്കുള്ള സേനകളെ ഉപയോഗിച്ചു ആക്രമണത്തെ തടയണമെന്നു തീരുമാനിച്ചിട്ടുണ്ട്. പഴയ സർവ്വരാഷ്ട്രസംഘം ഇങ്ങിനെയുള്ള ഒരു നിർദ്ദേശത്തെ തള്ളിക്കളയുകയും തന്മൂലം തങ്ങളുടെ അശക്തന്മാരായ അയൽ രാജ്യങ്ങളെ ആക്രമിക്കുന്നതിന്നു ആക്സിസ് രാജ്യങ്ങൾക്കു സാദ്ധ്യമാക്കുകയും ചെയ്തു. ഡമ്പാർട്ടൻ ഓക്സിലെ പ്രമേയങ്ങൾ പ്രവർത്തനത്തിൽ വരുമ്പോഴേക്കു, ഇങ്ങിനെയൊരു നിലയുണ്ടാവില്ലെന്നു വേണം വിശ്വസിക്കുവാൻ.

അമേരിക്കൻ പ്രതിനിധി മി. എഡ്വേഡ് സ്റ്റെറ്റിനിയസ്, ഹാലിഫാക്സ് പ്രഭു, വില്ലിങ്ങ്ടൻക്കു തുടങ്ങിയവർ തത്സംബന്ധമായി താഴെ കാണുന്ന ഒരു പ്രസ്താവന പുറപ്പെടുവിച്ചിരിക്കുന്നു: "ലോകസംരക്ഷാ സംഘടനയെ സംബന്ധിച്ചുള്ള ഞങ്ങളുടെ സംഭാഷണങ്ങൾ തൃപ്തികരമായ നിലയിൽ എത്തിയിരിക്കുന്നു."

യുദ്ധം തീരുന്നതിന്നു മുമ്പെത്തന്നെ ലോകസമാധാനത്തിന്നുള്ള അസ്ഥിവാരം ഇടേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു പ്രസിഡെണ്ട് റൂസ്‌വെൽട്ടും മാർഷൽ സ്റ്റാലിനും ഊന്നിപ്പറയുകയുണ്ടായിട്ടുണ്ട്.



അടിച്ചുകററീയിവരെ ഗൃഹത്തിന്നകത്തുനിന്നക്രമി നാസിസൈന്യം; വിയർത്തു പാവം, വൃദ്ധയാൾ സഹായം ലഭിക്കുവാൻ കാത്തിത നിന്നിടുന്നു.



പേടിച്ചു കേഴുന്നിതു കണ്മണിക്കുഞ്ഞു; അമ്മയിതൻ ലാളന കേട്ടിടാതെ.

പറന്നിടും ബോംബിനെഴുന്ന ശബ്ദം കേട്ടതുമേൽ കുട്ടി ഭയന്നുപോയി.



ചുമന്നുപോവാൻ കഴിയുന്നതെല്ലാം പെറുക്കിയീവണ്ടിയിലേററിയേവം തൻവീടുവേക്കിച്ചു വിഷാദഭാവാൽ മുത്തശ്ശി രക്ഷപ്പെടുവാൻ ശ്രമിച്ചു.



പെണ്ണുങ്ങൾ, കുഞ്ഞുങ്ങളിവർക്കു കഷ്ടപ്പാടാക്കുവാനത്ര മിടുക്കരെന്നാൽ;

ശരിക്കു ശത്രുക്കളടുത്തുവന്നാൽ ലീമട്ടിലായ്,—നാസികൾ വീരർപോലും!

**യുദ്ധം കഴിഞ്ഞാൽ**

# "ഇതിനൊക്കെ വളരെ ചിലവുണ്ടു്"

## സംശയാലുക്കളുടെ വാദങ്ങൾ

യുദ്ധാനന്തര പുന:നിർമ്മാണത്തെപ്പററി ഗ്രാമാധിപതികൾക്കുണ്ടാവുന്ന അഭിപ്രായങ്ങൾ എന്തായിരിക്കുമെന്ന് ആരായുന്നതു് രസകരമായിരിക്കും. അഞ്ചോ, പത്തോ, പതിനഞ്ചോ കൊല്ലത്തേക്കുള്ള ഒരു പദ്ധതിയെപ്പററി അവരുമായി സംസാരിച്ചുനോക്കുക. അവർ നരച്ച വിവേകം നിറഞ്ഞ തലകൾ ആട്ടിക്കൊണ്ടു്, ഈ ആശയം ഒരു വെറും നിലാവാണെന്നും സ്വപ്നലോകത്തിലെ ആദർശവാദമാണെന്നും പറഞ്ഞു നിരസിക്കും. പണ്ടൊന്നും അവർ ഈ വക സംഗതികളെപ്പററി കേട്ടിട്ടില്ലതന്നെ.

ഗവൺമെണ്ടു് ഇക്കാര്യത്തിൽ വളരെ ഗൌരവാവഹമാണെന്ന് അവർ മനസ്സിലാക്കുമ്പോൾ, അവരിൽ അപായചിന്തകളൊക്കെയുണ്ടാവുന്നു. "ഈ പദ്ധതികൾക്കൊക്കെ വളരെയധികം ചെലവുണ്ടു്. ഗവൺമെണ്ടുവക്താക്കൾക്ക് വലിയ കാര്യങ്ങളെപ്പററിയും നീക്കിവെച്ച തുകയെപ്പററിയും മററും പ്രസംഗിക്കാനും, തിരിച്ചുവരുന്ന പട്ടാളക്കാർക്കായി കരുതിവെച്ച 60 ലക്ഷത്തെപ്പററി പറയാനും വളരെ എളുപ്പമാണ്. നമുക്കു കഴിയുന്ന എന്തും ചെയ്യേണ്ടതു് ആവശ്യമാണ്; പട്ടാളക്കാർ അതു അർഹിക്കുന്നുമുണ്ടു്. പക്ഷെ എവിടെനിന്നാണ് ഇതിനൊക്കെ പണം ഉണ്ടാവുക ? ആരാണിതിന്നു പണം നൽകാൻ പോകുന്നതു് ? ഇല്ല, ഇല്ല, ഇതിന്നു ഒരുപടി പണ്ണും വേണ്ടിവരും. ഇപ്പോൾതന്നെ കഴിഞ്ഞുകൂടാൻ കഷ്ടമായിരിക്കുന്നു." അവർ സംശയങ്ങൾ പ്രകടിപ്പിയ്ക്കും.

ആദ്യമായിത്തന്നെ, ഈ ഭയാശങ്കകളിൽ പലതും അടിസ്ഥാനരഹിതമാണെന്ന് പറയാം. യുദ്ധംകഴിഞ്ഞു വീട്ടിലേക്കു തിരിച്ചുവരുമ്പോൾ അവരുടെ നന്മക്ക് വേണ്ടി ഉപയോഗിക്കുന്നതിന്നായി മാസംതോറും പട്ടാളക്കാരുടെ ശമ്പളത്തിൽനിന്ന് ഒരു തുക കരുതിവെക്കുന്നുണ്ടു്. ഇതു് യുദ്ധച്ചെലവിലെ ഒരു ഭാഗമാണ്. യുദ്ധം കഴിഞ്ഞാൽ ഇന്ത്യൻ ജനങ്ങൾക്ക് നല്ല ജീവിതരീതിയാകുന്ന പലിശയോടെ ഈ പണം തിരിച്ചുകിട്ടുകയും ചെയ്യും.

പുനഃനിർമ്മാണ പരിപാടികളിലെ സജീവങ്ങളായ സംഗതികൾ പണമല്ല, സാമഗ്രികളും ചെയ്തുതീർക്കുവാനുള്ള ജോലികളുമാണ് എന്നു പ്രധാനമായും ഓർമ്മിക്കേണ്ടിയിരിക്കുന്നു. ജീവിതരീതിയിൽ പരക്കെയുള്ള അഭിവൃദ്ധി എത്തുമ്പോൾ മാത്രമെ, നല്ല നിലയും കൂടുതൽ ലാഭവും ഉണ്ടാവുകയുള്ളൂ. ഇന്നു കാണുന്ന എല്ലാ പദ്ധതികളും സഹകരണത്തിന്റെയും സഹകരണസംബന്ധിയായ നിർവ്വഹണത്തിന്റെയും സുദൃഢതത്വങ്ങളെ ആസ്പദിച്ചിട്ടുള്ളവയാണ്. സമ്പാദ്യത്തിലും അദ്ധ്വാനത്തിലും നഷ്ടം വരാതിരിക്കുന്നതിന്നുള്ള ഒരു മുൻകരുതലാണിതു്. യുദ്ധാനന്തരമുള്ള സമ്പാദ്യത്തിന്റെയും ലാഭത്തിന്റെയും ഓരോ ശകലവും പട്ടാളക്കാർക്കും അവരുടെ സഹകരണസംഘങ്ങൾക്കും തിരിച്ചു കിട്ടും. ഉല്പാദനത്തെ വർദ്ധിപ്പിക്കുന്നതിന്നും അവരുടെ പ്രവൃത്തിയെ വിപുലീകരിക്കുന്നതിന്നും നന്നാക്കുന്നതിന്നും വേണ്ടിയുള്ള എന്നെന്നേയ്ക്കുമായുള്ള ഗുണങ്ങൾ നിറഞ്ഞ ഒരു സുരക്ഷിതമായ പണമുടക്കാണിതു്. കാലത്തോടൊപ്പം തന്നെ പുരോഗമിക്കണമെങ്കിൽ, ഇന്ത്യക്കും വിപുലമായ രീതിയിൽ പ്ലാൻ ചെയ്യേണ്ടതു് അത്യാവശ്യമാണ്. ഇപ്പോൾ നിർദ്ദേശിച്ചിരിക്കുന്ന രീതിയിൽ ഇക്കാര്യം ചെയ്തു തീർക്കുന്നതാണ് ഏററവും സുരക്ഷിതവും ഉത്തമവുമായ വഴി.

ശാസ്ത്രീയമായ കൃഷി ചെയ്യലിന്റെയും കാലിവളർത്തലിന്റെയും ഉത്തമമാർഗ്ഗങ്ങൾ, ക്രമേണ പണ്ടു പണ്ടെയുള്ള കൈത്തൊഴിലുകളെ ഏററവും പ്രയോജനപ്പെട്ട രീതിയിൽ സുസാദ്ധ്യമായി ഉപയോഗിക്കൽ, ഇവയെപ്പററി ഈയിടെയായി വളരെയധികം കേട്ടുവരുന്നുണ്ടു്. തിരിച്ചുവരുന്ന പട്ടാളക്കാർ പണിയായുധങ്ങളുടെ ഉപയോഗത്തെപ്പററി ധാരാളം പരിജ്ഞാനവും പരിചയവുമുള്ളവരായിരിക്കും. ഗ്രാമത്തിലെ ചെറുവീടു എത്ര സുഖകരമാണെന്ന് അവർക്കറിയാം. ശരിയായ വിധം നിർമ്മിച്ചാൽ അവ എത്ര സുഖകരമാക്കിത്തീർക്കാൻ സാധിക്കുമെന്നും, കുറച്ചു കൂടെ കരുതലോടെ നിർമ്മിച്ചാൽ അവ വളരെ സൌകര്യപ്രദമാക്കാനും കഴിയും, സാമഗ്രികളെല്ലാം തന്നെ മിക്കവാറും ഒന്നുതന്നെയാണ്. നമ്മുടെ തെക്കെ ഇന്ത്യക്കാർ ബ്രിട്ടീഷു പട്ടാളക്കാരും അമേരിക്കൻ പട്ടാളക്കാരും ഇന്ത്യൻ കുടിലുകളിൽ പാർക്കുന്നതു കണ്ടിട്ടുണ്ടു്. ചില കാര്യങ്ങളിൽമാത്രം അല്പം വ്യത്യാസമുണ്ടു്, അവയിൽ കൂടുതൽ സുഖസൌകര്യങ്ങളുണ്ടു് ശരിതന്നെ. പക്ഷെ ഒരേവിധത്തിലുള്ള സാധനങ്ങൾ കൊണ്ടാണ് ഈ കുടിലുകളും നിർമ്മിക്കപ്പെട്ടിരിക്കുന്നതു്. തെക്കെ ഇന്ത്യയിൽ തിരിച്ചെത്തുന്ന പട്ടാളക്കാർ ഈ പരിചയത്തോടും പരിജ്ഞാനത്തോടും കൂടിയാണ് തിരിച്ചെത്തുക. അവരുടെ വീടുകളെ പരിഷ്ക്കരിക്കുന്നതിന്ന് അവർക്കു തന്മൂലം സാദ്ധ്യമായിവരും.

പക്ഷെ ഗ്രാമത്തിലെ വിവേകശാലിയായ കിഴവൻ എന്നാലും വളരെ കാര്യമായി ചോദിക്കും. "ദൈവത്തിന്നു മാത്രമറിയാം, സാമാനങ്ങൾക്കു വളരെ ദൌർല്ലഭ്യമാണ്, വില വളരെ വർദ്ധിച്ചിരിക്കുന്നു. നിങ്ങൾക്കു പണമുണ്ടെങ്കിൽത്തന്നെ, നമ്മുടെ ഗ്രാമങ്ങളെ പുതുക്കിപ്പണിയുന്നതിന്നും പരിഷ്ക്കരിക്കുന്നതിന്നും ഉള്ള സാമഗ്രികൾ എവിടെനിന്നു കിട്ടും? നല്ല ഗ്രാമങ്ങളും, അസ്സൽറോഡുകളും, ശുചീകരണവും മററും ഉണ്ടാവുന്നതു് ഞങ്ങൾക്കും ഇഷ്ടം തന്നെയാണ്. എന്നാൽ ഞങ്ങളുടെ പഴയ വീടുകൾ മേയുന്നതിന്നു കൂടെ....ഞങ്ങൾക്കു അങ്ങുമിങ്ങും തെണ്ടിത്തിരിയേണ്ടിവരുന്നു."

അതെ, അല്പം ദുർഭിക്ഷമുണ്ടു്. യുദ്ധം ജയിക്കുന്നതിന്നു ഇന്ത്യ ഇഷ്ടപ്രകാരംതന്നെ ആളുകളേയും സാമഗ്രികളേയും ത്യാഗം ചെയ്തിട്ടുണ്ടു്. ഇന്ന് ഈ സാമഗ്രികൾ ശത്രു പിടിച്ചടക്കിയ രാജ്യങ്ങളിൽ പാലങ്ങൾ പണിയാനും, ബർമ്മയിലേക്കു റോഡു വെട്ടുവാനും മററുമായി ഉപയോഗിക്കുന്നതിന്നായി പട്ടാളം ഉപയോഗിക്കുകയാണ്. പട്ടാളത്തിന്നു ഈ സാമഗ്രികൾ എന്നേന്നേയ്ക്കും ആവശ്യമാണെന്നു വരില്ല. സമാധാനം സ്ഥാപിതമാകുമ്പോൾ ഇവയൊക്കെ ഒരു വമ്പിച്ച നിധിയെപ്പോലെ പെരുത്തു വന്നിട്ടുണ്ടാവും. ത്യാഗങ്ങൾ ചെയ്യുവരുടേയും, വിജയം സാദ്ധ്യമാകുന്നതിന്നു പ്രയാസപ്പെട്ടവരുടേയും, വീടുകൾ പുന:നിർമ്മിക്കുന്നതിന്നു ഇവ ഉപയോഗിക്കാവുന്നതാണ്.

ഒരു പഴയ വീടു പുതുക്കി പണിയുമ്പോൾ, അല്ലെങ്കിൽ നിങ്ങളുടെ പുതിയ ആവശ്യങ്ങൾക്കു തക്കതക്കവിധത്തിൽ വീടിനെ പരിഷ്ക്കരിക്കുമ്പോൾ നിങ്ങൾ ഇഷ്ടികകളും, ഓടുകളും, ചുമരുകളും, വാതിലുകളും ജനലുകളും, ഒക്കെ നശിപ്പിക്കുന്നില്ല കഴിയുന്നേടത്തോളം പഴയ സാമാനങ്ങൾ തന്നെ നിങ്ങൾ ഉപയോഗിക്കുന്നു. അവിടേയും ഇവിടേയും ചില മിനുക്കുപണികൾ ചെയ്തു പതുക്കെ നിങ്ങൾ പഴയതു പുതുതാക്കിത്തീർക്കുന്നു. അതാണ് പുനഃനിർമ്മാണത്തിലെ സാരവത്തായ ഭാഗം. ശരിയാണ്, ചിലതു് പുനഃനിർമ്മിയ്ക്കുവാൻ സാദ്ധ്യമല്ലതന്നെ. ഉദാഹരണമായി ഒരു നിരത്തു വെട്ടുക തന്നെ വേണം, പാലങ്ങൾ പണിയണം, അഴക്കുചാലുകളും കിണറുകളും കുഴിച്ചുണ്ടാക്കുക തന്നെ വേണം. എന്നാൽ ഈ യുദ്ധത്തിലെ പാഠങ്ങൾ നമ്മെ പഠിപ്പിച്ചു, നാം ഇതുവരേയും വലിച്ചെറിഞ്ഞിരുന്ന സാമാനങ്ങൾ, കടലാസുതുണ്ടുകൾ, പഴന്തുണികൾ, ലോഹക്കഷണങ്ങൾ, ഇങ്ങിനെ മററു പലതും പുനരുദ്ധാരണകൃത്യങ്ങൾക്കായി ഉപയോഗിക്കാൻ സാധിക്കുമെന്ന്.

യുദ്ധാവസാനത്തിൽ, പട്ടാളത്തിൽനിന്ന് സമാധാനകാലത്തെ ഉദ്ധരണജോലിയ്ക്കു ഏററവും സമൃദ്ധമായി സാമഗ്രികൾ ലഭിക്കുന്നതാണ്. പട്ടാളത്തിന്നുവേണ്ടി ഉപയോഗിച്ച സാധനങ്ങൾ ഇന്ത്യയെ പുനഃനിർമ്മിക്കുന്നതിന്നുവേണ്ടിയുള്ള നൂറുനൂറായ കാര്യങ്ങൾക്കു ഉപയോഗിക്കാം. പിൽ ബോക്സുകളും മററു പ്രതിരോധ രീതികളും നിർമ്മിയ്ക്കുന്നതിന്നുപകരം പുതിയ സിമൻറു ചുമരുകൾ കിണറുകൾക്കു ഉപയോഗിയ്ക്കാം. മുള്ളു വേലികൾ ജപ്പാൻകാർക്കു പകരം പണികളെത്തടയുന്നതിന്നു ഉതകും. കാട്ടിലെ വിമാനത്താവളങ്ങൾക്കും മററുമായി ഉപയോഗിക്കുന്ന സാധനങ്ങൾ കളിസ്ഥലങ്ങളും നിരത്തുകളും നിർമ്മിയ്ക്കുന്നതിന്നു ഉപയോഗപ്പെടുത്താം! ബുള്ളുകൾ അനവധി പ്രകാരത്തിൽ ഉപയോഗപ്രദമായിരിക്കും. നിരത്തുകൾ വെട്ടുന്നതിന്നു, വാഹന

ങ്ങൾ ഓടിക്കുന്നതിന്നു, .പണിയായുധങ്ങൾ നിർമ്മിക്കുന്നതിന്നു, വീട്ടുകളും പാലങ്ങളും നിർമ്മിക്കുന്നതിന്നു, പാലങ്ങളും നിർച്ചാലുകളും ഏർപ്പെടുത്തുന്നതിന്ന്,—ഇങ്ങിനെ പല ജോലികൾക്കും പരിചയം സിദ്ധിച്ച നിപുണരായ ആളുകൾ സമൃദ്ധിയായിരിക്കും. ഉയന്ന രീതിയിലുള്ള പരിശീലനം ലഭിച്ച ആളുകൾക്കു യാതൊരു ക്ഷാമവും ഉണ്ടാവുകയില്ല. യുദ്ധകാലത്തു അവർ കാട്ടുകളിൽ ശത്രുക്കളെ എളുപ്പത്തിൽ ആക്രമിച്ച മാതിരിത്തന്നെ, സമാധാനകാലത്തു പഴയ ശത്രുക്കളായ മണ്ണിനേയും ചളിയേയും സാമർത്ഥ്യത്തോടെ എതൃത്തു ജയിസ്സുമെന്നു അവർ അഭിമാനപൂർവ്വം തെളിയിക്കും.

ഈ സംഗതികളൊക്കെ മനസ്സിലാകുന്നപക്ഷം നമുക്കു സാധനങ്ങൾ ദുർല്ലഭമല്ലെന്നു ബോധ്യമാകും. നമുക്കുള്ള കഴിവുകളൊക്കെ, അതായതു, ആളുകൾ, സാധനങ്ങൾ, പണം ഇവയൊക്കെ വേണ്ടുംവിധം ഉപയോഗിക്കുന്നപക്ഷം, നമുക്കു ഇന്ത്യയേയും, ഈ രാജ്യത്തെ ഗ്രാമങ്ങളേയും നഗരങ്ങളേയും കൂടുതൽ സുഖപൂർണ്ണവും നവീനവുമാക്കി പരിവർത്തനം ചെയ്യുവാൻ കഴിയും. ഈ കൃത്യത്തിന്നു നമുക്കു വേണ്ട അനുകൂല്യങ്ങളെല്ലാം ഉള്ളതായി കണക്കാക്കാം.

ട്രക്കുകൾ, ലോറികൾ, തുണികൾ, മരസ്സാമാനങ്ങൾ, വീടു പണിയാനും റോഡു നിർമ്മിക്കാനുമുള്ള സാമഗ്രികൾ, ഈ വമ്പിച്ച സാമഗ്രികളുടെ കൂമ്പാരം പുനർനിർമ്മാണത്തിന്ന് ഒരുക്കിവെച്ച ഒരു സമ്പാദ്യമാണ്. ഈ സംഭരണത്തിന്നുള്ള വിലയെല്ലാം കൊടുത്തു കഴിഞ്ഞു. ഈ യുദ്ധം കഴിഞ്ഞാൽ സംശയലേശംകൂടാതെ ഇതു പൊതുജനാവശ്യത്തിന്നായി ഉപയോഗപ്പെടുത്തുന്നതാണ്.

ഈ യുദ്ധകാലങ്ങളിൽ അനുഭവിച്ച ത്യാഗങ്ങൾക്കും ലുബ്ധിച്ച ജീവിതത്തിന്നും ഉള്ള ഒരു പാരിതോഷികമാണ് പുനർനിർമ്മാണകാലമെന്നും തികച്ചും വാസ്തവമായി പറയാവുന്നതാണ്.



കടൽസൈന്യത്തിലെ ഒരു "വനിതാ യോദ്ധാവ്"

# ആശാമുകുളങ്ങൾ

[ജി. പി. ശങ്കരമംഗലം]

(താരാട്ട്)

ആരാമഭംഗികൾ പൊങ്ങും,—നല്ലോ-
"രാരക്കൺ" യുദ്ധ ഭൂവെങ്ങും
സന്ധ്യാർക്കരശ്മി കളേററു—നവ്യ-
സന്തോഷ ഭാരാൽ കുളിത്തു :
പൊട്ടിച്ചിരിയ്ക്കും ജയശ്രീ—യെന്ന-
മട്ടിലാരംഗം ലസിച്ചു.

പുഷ്പസുരഭിലവാതം,—ദിവ്യ-
കൽപദാനന്ദസംഗീതം,
പക്ഷികൾ പാടുന്ന നാദം, പാർക്കി—
ലക്ഷിതി ദിവ്യ സങ്കേതം !!

. . . . . .

തങ്കവിജയ ധ്വജം പോൽ—യോധ-
സങ്കേതമെങ്ങും ലസിച്ചു.

സഞ്ചിതവീര്യരാം യോധർ— ചുററി-
സഞ്ചരിക്കുന്നു മുദിതർ,
ഒട്ടുപേർ ശീട്ടു കളിച്ചു,—പിന്നെ-
യൊട്ടുപേർ പാട്ടിൽ രസിച്ചു,
ഒട്ടുപേർ വാദിച്ചിരിച്ചു,—കേട്ടി-
ട്ടൊട്ടുപേർ പൊട്ടിച്ചിരിച്ചു !
സന്താപമില്ലവർക്കാർക്കും—അത്ര-
സന്തോഷസാമ്രാജ്യരംഗം !!
കൂട്ടരെ ! നോക്കുവിൻ ദൂരെ,—മര-
ച്ചോട്ടിലാ വീട്ടിൻെറ ചാരെ,

കൂട്ടുകാർ നാലുപേരന്തോ—ചില
പാട്ടുകൾ പാടി രസിച്ചു :
സഖ്യസുശക്തികൾ നാലും—രൂപം-
കൈക്കൊണ്ടിരിക്കുകയാണോ ?
എത്തുന്നിതന്ത്യൻ സുധീരൻ—പാര-
മുത്തമൻ ശാന്ത ഗഭീരൻ :
സഖ്യസമരനിരയിൽ—ഒരു-
മുഖ്യ സേനാനിയമ്മാന്യൻ :
ആഗതമാന്യനെ യോധർ—സൈന്യ-
സ്വാഗത പൂർവ്വം വണങ്ങി :
സഞ്ചിതമോദാൽകുശലം—അവർ-
പുഞ്ചിരിപൂർവ്വം വരിച്ചു :
പൈങ്കിളിപ്പാട്ടിൻ തരംഗം—യോധ-
സങ്കേതമെങ്ങും കളിച്ചു
മന്ദപവനനടിച്ചു—മദ-
തുന്ദിലവല്ലി പുളച്ചു,
എല്ലാരിലും തൻ കടാക്ഷ—കുളിർ-
കല്ലോല രാശികൾ തൂകി
ജിജ്ഞാസുവാംസൈന്യനാഥൻ— പാര-
മുത്സാഹപൂർവ്വം പറഞ്ഞു :
"ചോദിച്ചിടുന്നു ഞാനിപ്പോൾ— ഒന്നു
സോദരന്മാരേ പ്രിയത്താൽ
ഉത്തരമേകണം നിങ്ങൾ—ശുദ്ധ-
സത്യമായാത്മാർത്ഥമായി
ആഹവത്തിൻെറഫലമായ്—നിങ്ങൾ
ആഗ്രഹിക്കും ലാഭമെന്താം ?"
ചിന്തിച്ചുരച്ചിതൊന്നാമൻ—"ഇതിൽ-
സന്ദേഹമെന്ന്യുളവാകാൻ
കഷ്ടംപലതും സഹിച്ചു—നമ്മൾ-
ഇഷ്ടപ്രകാരം ജയിച്ചാൽ
കഷ്ടങ്ങൾ മേലിൽ വരാതാൻ—യോഗം-
കിട്ടുമെന്നാണെനിക്കാശ :
സൽകൃതജീവനമൊന്നാ—ണതി-
ന്നിക്കാലം ഞാൻ കണ്ട ലക്ഷ്യം."
രണ്ടാമനപ്പോൾ പറഞ്ഞു—"മമ-
സന്താപമൊക്കെ യൊഴിയാൻ
വാണിജ്യവൃത്തിയിൽ വൃദ്ധി—നേടി-
വാഴേണമെന്നാണു മോഹം.

യുദ്ധവിജയ സമാപ്തി—ആശാ-
സിദ്ധിക്കു ഹേതുവാകേണം"
മൂന്നാമനോതി, "മഹാത്മൻ—യുദ്ധ-
മൂനംവരാതെ ജയിച്ചാൽ
വ്യവസായികമായെൻ—രാജ്യം
വൈകാതുയിത്തെഴുന്നേൽക്കാൻ
ഞാനൊരു മാതൃകയാകാൻ—ഭാഗ്യം
മാനയിക്കട്ടേ വിജയം."

നാലാമനാം യോധനോതി—"യുദ്ധ
കോലാഹലങ്ങൾ കഴിഞ്ഞാൽ
ധർമ്മം, സമത്വം, സ്വാതന്ത്ര്യം—തൊട്ടു-
രമ്യ ഗുണങ്ങളിണങ്ങി
മർത്ത്യനെ മർത്ത്യനായ്ക്കാണും—ദിവ്യ-
സത്യ സംഗീതം മുഴങ്ങി
ഉച്ചനീചത്വമൊഴിഞ്ഞു—ലോകം
സ്വച്ഛഗുണങ്ങൾ നിറഞ്ഞു
സന്തോഷ ഭാരേണ വാഴാൻ—മാത്ര-
മന്തഃകരണത്തിൽ മോഹം
നവ്യമാലോകം ഭരിക്കാൻ—നമ്മൾ
ദിവ്യ വിജയം വരിക്കാൻ
അക്കാലപൌരത്വമൊന്നാ—ണെൻെറ-
സ്വർഗ്ഗീയ സാമ്രാജ്യ ലക്ഷ്യം :"
ഇത്ഥമാം സൈനികരോതും—ഹൃദ്യ
സത്യഗിരങ്ങൾ ശ്രവിക്കെ
ആശാഭരിതനുരച്ചു—പാര-
മാശാന്ത്യനാ സൈന്യനാഥൻ
"ആശാവിധങ്ങളഖിലം—നിങ്ങൾ-
ക്കുത്സാതുരക്കുക മൂലം
സന്തോഷഭാരതരംഗാൽ—ചിത്തം-
സമ്പുഷ്ടമായി ഭവിച്ചു,
സഖ്യസുശക്തിവിജയം—നമു
ക്കൊക്കെ സുഖത്തിന്നുദയം
സൽജയലക്ഷ്മീ വരണം—നമു-
ക്കാഗ്രഹപൂർത്തീകരണം
എല്ലാരുമൊന്നായ് ശ്രമിപ്പിൻ—ജയ-
കല്യാണമാല്യം ധരിപ്പിൻ !!
മംഗളം തോഴരേ, മേന്മേൽ—ജയ-
മംഗളഗാനം മുഴക്കാം"

(ശുഭം)

# വീണ്ടും നാലാം പടയുടെ വീരകൃത്യം

നാലാം ഇന്ത്യൻ വിഭാഗത്തിൻെറ സൈന്യാധിപനും 8-ാം പടയുടെ സൈന്യാധിപനായ സർ ഒലിവർ ലീസ് താഴെ പറയുന്ന സന്ദേശം അയച്ചിരിക്കുന്നു: "ഞാൻ നിങ്ങളെയും, നിങ്ങളുടെ സൈന്യത്തേയും മോൺട്ടെ സെല്ല ക്രോസ പിടിച്ചതിന്നും കഠിനമായ സമരം ചെയ്യുതിന്നുമായി പ്രശംസിക്കുന്നു. നിങ്ങളുടെ വിഭാഗം അൽഅമീനിൽ പ്രദർശിപ്പിച്ച ആ വീരകൃത്യംതന്നെ വീണ്ടും ആവർത്തിച്ചു ഗോത്തിക്ക് നിരയിൽ ആദ്യം പ്രവേശിച്ചതും നിങ്ങളുടെ ബററാലിയനാണ്."

ഈ സന്ദേശത്തിൻെറ പിന്നിൽ ഇന്ത്യയും മാത്രമല്ല മുഴവൻ സഖ്യ രാഷ്ട്രങ്ങൾക്കും അഭിമാനകരമായ ഒരു ചരിത്രമാണുള്ളത്. എവിടെവിടെ 8-ാം പട അതിൻെറ ഏററവും ഭയങ്കരമായ സമരങ്ങൾ ചെയ്യുവോ, അവിടങ്ങളിലെല്ലാംതന്നെ ഈ നാലാം ഇന്ത്യൻ സേനാവിഭാഗം ഉണ്ടായിരുന്നു—അൽമിൻ, പടിഞ്ഞാറൻ മരുഭൂമികൾ, വാഡി, അക്രിത്, ടുനീസ്—ഇവിടങ്ങളിലെല്ലാം. ഇററലിയിൽ ധീരധീരം പോരാടിയ ആ അഞ്ചാം സേനയിലായിരുന്നു ഈ വിഭാഗം.

ഇററലിയിൽ ആദ്യമായി അവർ ഗോത്തിക്ക് നിര തമർത്തിക്കളഞ്ഞു. ജർമ്മൻ പട്ടാളക്കാരെ തടവുകാരാക്കിപ്പിടിച്ചു. ഈ നാലാം ഇന്ത്യൻ സേനാവിഭാഗത്തിൻെറ സമരചരിത്രം, വളരെ ഗൌരവാവഹമാണ്. ഈ ലോകമഹായുദ്ധത്തിൽ ഏററവും വിശേഷപ്പെട്ട ഒരു ഭാഗം അവർ നിർവ്വഹിച്ചിട്ടുണ്ട്.

# ജപ്പാൻകാർ യുദ്ധത്തടവുകാരോടു പെരുമാറുന്നത്

—◆✖◆—


## സാപ്പേഴ്സ് ആൻറ് മൈനേഴ്സിലെ നായിക് തൻെറ ദുരിതം നിറഞ്ഞ അനുഭവങ്ങളെ അനുസ്മരിക്കുന്നു.

"ഞാൻ ഇന്ത്യൻ പട്ടാളത്തിൽ ചേൎന്നതു 1940-ാം വൎഷത്തിലാണ്. 1942 ഫിബ്രുവരി 15-ാംനു ഞാൻ തടവുകാരനായി പിടിക്കപ്പെട്ടു. ശത്രുവിൻെറ കീഴിൽ ഒരു യുദ്ധത്തടവുകാരനായിക്കഴിച്ചുകൂടിയ എൻെറ അനുഭവം ഏററവും ദുരിതവും വേദനയും നിറഞ്ഞ ഒരു കഥയാണ്. ജപ്പാൻെറ നിയന്ത്രണത്തിലുള്ള ആ ജീവിതരീതിയെക്കുറിച്ചു ശരിയായി ചിത്രീകരിക്കുന്നതിന്നു എനിക്കു സാദ്ധ്യമല്ലെന്നു തന്നെ പറയാം.

മനുഷ്യത്വമില്ലാത്ത രാക്ഷസന്മാരാണ് ജപ്പാൻകാരെന്നതിൽ സംശയമില്ല. അവരുടെ കീഴിൽ ജനങ്ങൾ സുഖമായി ജീവിക്കുന്നു എന്നുള്ള ആ പ്രചാരം ശരിയായ സ്ഥിതികളെ തികച്ചും മറയ്ക്കുന്നതിന്നുള്ള ഒരു സൂത്രവിദ്യയാണ്. തടവുകാരെ പാൎപ്പിക്കുന്ന ആ സ്ഥലം ഏററവും അധികം വൃത്തികെട്ടതാണ്; മുപ്പതുപേൎക്കു ഇരിക്കാവുന്ന സ്ഥലത്തു 150 പേരെയാണ് പാൎപ്പിച്ചിരിക്കുന്നത്. ആളുകൾ, തൊഴുത്തിൽ കാലികൾ കഴിയുന്നതിലും മോശമായി രീതിയിലാണ് ജീവിക്കുന്നത്.

രോഗികൾക്കു യാതൊരു ശുശ്രൂഷയും ഇല്ല. സാധാരണ രീതിയിലുള്ള ഏററവും പ്രാഥമികമായ ചികിത്സ കൂടി വിദേശികൾക്കു നല്കപ്പെടുന്നില്ല. പോഷകാംശങ്ങളുള്ള ഭക്ഷണം നിഷേധിക്കപ്പെട്ടിരിക്കുന്നു. രോഗം പിടിച്ചാൽ അവർ പ്രകൃതിയെ ആശ്രയിച്ചു മരിക്കയോ ജീവിക്കയോ ചെയ്യാം. അത്രമാത്രം ജീവിതരീതികൾ അത്യധികം മോശമാണ്. കിട്ടുന്ന ഭക്ഷണം വെറും ഉപ്പും ചോറുമാണ്. ചിലപ്പോൾ അതും കിട്ടുകയില്ല; ഞങ്ങൾക്ക് പല ദിവസങ്ങളും വെറും വേരുകൾ കടിച്ചുതിന്നു കഴിഞ്ഞു കൂടേണ്ടിവന്നിട്ടുണ്ട്.


വസ്ത്രങ്ങൾ പണംകൊടുത്താലും കിട്ടുകയില്ല. ഒരു സാധാരണ കുപ്പായത്തിന്ന് 100ക. വിലയുണ്ട്. ഇന്ത്യയിൽ കിട്ടുന്ന ഏററവും വില കുറഞ്ഞ മേൽതേയ്ക്കുന്ന ഒരു സോപ്പ് ഒരു കട്ടയ്ക്കു ജപ്പാൻെറ കീഴിലുള്ള രാജ്യങ്ങളിൽ 8ക. യാണ് വില.



മഗോസുകാരനായ പൈലട്ട് ഓഫീസർ പ്രസാദ് 'പറക്കാൻ' തയ്യാറായിക്കഴിഞ്ഞു.

ജപ്പാൻകാർ ബുദ്ധമത വിശ്വാസികളാണെന്നു നടിക്കുന്നു. ബുദ്ധമതത്തിൻെറ സന്ദേശം അക്രമരാഹിത്യമാണ്. എന്നാൽ ഈ കൂട്ടർ ചെയ്യുന്ന ക്രൂരതകൾക്കും ദ്രോഹങ്ങൾക്കും യാതൊരു കയ്യും കണക്കുമില്ല; അതു അവൎക്കു ഒരു തമാശയാണ്. ഒരു കപ്പലിൽ ചരക്കു കയററിയിരുന്ന ഒരു യുദ്ധത്തടവുകാരൻ ദാഹത്താലും വിശപ്പാലും പരവശനായി അര റാത്തൽ പാൽക്കട്ടിയെടുത്തു കഴിച്ചതിന്നു ജപ്പാൻകാർ ആയാളുടെ എല്ലുകൾ അടിച്ചുനുറുക്കിയതു ഞാൻ കണ്ടിട്ടുണ്ട്. യുദ്ധത്തടവുകാരെക്കൊണ്ടു പണിയെടുപ്പിക്കുന്നതിന്നു ഒരു ക്ലിപ്തസമയവുമില്ല. ഒഴിവില്ലാതെ പന്ത്രണ്ടു മണിക്കൂർ ചുരുങ്ങിയതു ദിനംതോറും ജോലിയെടുപ്പിക്കപ്പെടുന്നു.

സാധാരണ മനുഷ്യൎക്കുള്ള വിവേചനാബുദ്ധിയോ, മൎയ്യാദയോ ഇവരിൽ തൊട്ടുതെറിച്ചിട്ടേയില്ല. ചൈനീസ് സ്ത്രീകളാണ് ഇവരിൽനിന്ന് ഏററവും ദുരിതമനുഭവിക്കപ്പെടുന്നവർ. പുരുഷന്മാരെ ജോലിക്കു പറഞ്ഞയച്ച്, അവരില്ലാത്ത തക്കംനോക്കി ജപ്പാൻകാർ ചൈനീസ് സ്ത്രീകളെ ബലാൽസംഗംചെയ്യുന്നു.




ജപ്പാൻ തികച്ചും തയ്യാറായിക്കഴിഞ്ഞു

## വിജയമാർഗ്ഗത്തിൽ

പോരിന്നവസാനം കാണാറായ്, തോഴരേ
പാരിൻെറയാപത്തു തീരാറായി.
വീഴ്പ്പും വിയർപ്പുമദ്ധ്വാനവും കണ്ണീരും
വാർത്തുവാർത്തെത്രനാൾ നാം കഴിഞ്ഞു ?
പൊട്ടിച്ചിരിക്കേണ്ട കാലമായ്, ഹാ! ജയം
കെട്ടിപ്പിടിക്കുവാൻ കാത്തിരിപ്പൂ !!
ആർത്തുവിളിക്കുവിൻ, ആഹ്ലാദിച്ചീടുവിൻ,
ഇത്രനാളും നാം കരഞ്ഞോരല്ലേ ?
എത്രവിക്ഷമങ്ങൾ താണ്ടണമിന്നും നാ-
മെത്തുവാൻ പൂർണ്ണവിജയസൌധം ?
കാണുന്നുണ്ടെന്നാലുമാവേള വന്നെത്തും
നാളിൻെറ നാളങ്ങളങ്ങുമിങ്ങും !
എങ്കിലും നമ്മളലസരായ്ത്തീരരു-
തന്ത്യമായില്ല രണമിന്നിയും.
മുക്കാലുംതീർന്നുപോയ്, ബാക്കിയും തീർക്കുവാ-
നുക്കോടെ നമ്മൾ പൊരുതീടേണം.
നാളെത്തെ ലോകത്തിൽ നായകരാകുന്നോർ
നാമല്ലെ വൈരികൾ തോററുപോയാൽ ?
പൊട്ടിത്തെറിയ്ക്കുന്നു, നമ്മുടെബോംബുകൾ-
തട്ടിയശ്ശത്രുവിൻ കോട്ടയെല്ലാം.
നാലഞ്ചുകൊല്ലം മുമ്പീലോകമാകവേ
നാശഗർത്തത്തിലേയ്ക്കാഴ്ത്തുവാനായ്,
നാസിപ്രവരർ മുതിർന്നുപോയ്, ഇന്നവർ
നാണം ലവലേശമാർന്നിടാതെ,
പേടിച്ചു പാഞ്ഞൊളിച്ചീടുന്നു പേനായ്ക്ക-
ളോടുന്നമാതിരിയങ്ങുമിങ്ങും!
ഹിററ്ലർതൻ സാമ്രാജ്യ ദുർമ്മോഹം, ജപ്പാൻെറ
വിസ്തൃതമാമേഷ്യാഖണ്ഡ; മെല്ലാം.
ആകാശക്കോട്ടപോലാകെയടന്നെങ്ങു-
മാ പതിച്ചീടുന്നിതോരോന്നായി.
സ്വാതന്ത്ര്യത്തിൻെറ പുലരൊളി പൂശുന്നു
നാടുകളോരോന്നു വീണ്ടും വീണ്ടും;
അക്രമംചെയ്തോരെയാട്ടിയകററുവാ-
നൊത്തൊരുങ്ങിപ്പോയ് ജനങ്ങളെല്ലാം.
ലോകത്തിലെങ്ങുമേ പൊങ്ങിയലയ്ക്കുന്നു
സ്വാതന്ത്ര്യസൌരഭകല്ലോലങ്ങൾ.
നിത്യസമാധാനമൊത്തിണങ്ങീടിന-
രാഷ്ട്രീയരീതി രചിപ്പതിന്നായ്,
ഐക്യരാഷ്ട്രങ്ങളൊരുങ്ങുന്നു ; പിന്നെയും,
മക്രമം തൻതല പൊക്കിടായ്വാൻ.
ഫാസിസ്റ്റുനാസ്സികൾക്കഭയം ലഭിക്കുകി-
ല്ലേതും, ചുടലക്കളത്തിലെന്ന്യേ !
ശിക്ഷിയ്ക്കും നിഷ്ഠുരന്മാരെസ്സകലം, സു-
രക്ഷയീലോകത്തിലെത്തുവാനായ്.
ചോരപ്പുഴനീന്തി നമ്മൾ വിജയത്തിൽ-
ത്തുമണൽത്തിട്ടിലണഞ്ഞിടുമ്പോൾ,
ചാഞ്ചാടിയാടണം പൂമ്പാററമാതിരി
ശാന്തിതൻ പൊന്നൊളി വീശി വീശി !
നാളെത്തെ ലോകത്തെ നമ്മൾക്കെല്ലാവർക്കും-
നീളവേ നാകമായ് മാററിടേണം !!

ചെറുകഥ

# അന്നും ഇന്നും

(തുടർച്ച)

"ഈ രാജ്യം എന്റേതാണ്" എന്ന സിനിമയും കഴിഞ്ഞു ഞാൻ ട്രിപ്ലിക്കെയിനിലുള്ള വീട്ടിലേക്കു മടങ്ങുകയായിരുന്നു. ബസ്സിൽ വളരെ അധികം തിരക്കുണ്ട്. പക്ഷെ ആ സിനിമയുടെ സാരസ്യം എന്നെ അത്രയധികം ലഹരിപിടിപ്പിച്ചിരുന്നു. ഞാൻ ഒരു സിനിമാലോകത്തിൽ സ്വൈരസഞ്ചാരം ചെയ്യുകയായിരുന്നുവെന്നുതന്നെ പറയാം. വിഡ്ഢിയും ഭീരുവുമായ കിഴവൻ വാദ്ധ്യാർ ഒരു വലിയ ധീരനായ ഫാസിസ്റ്റു് വിരോധിയായതും, യുവാക്കളുടെ ആവേശകരവും അനുകരണീയവും ആയ ത്യാഗബുദ്ധിയും, ഇങ്ങിനെ സിനിമയിലെ ഓരോ രംഗവും എന്റെ മനസ്സിലൂടെ മറിഞ്ഞുകടന്നിരുന്നു.

സ്വർഗ്ഗത്തിലെ കട്ടുറുമ്പിനെപ്പോലെ ബസ്സ് കണ്ടക്ടർ എന്നെ സ്വപ്നലോകത്തിൽനിന്നും ഉണർത്തി. "ടിക്കറ്റ് ടിക്കറ്റ്" എന്ന പരുപരുത്ത ശബ്ദം എന്നെ ഞെട്ടിച്ചു—പാറപ്പുറത്തു ചിരട്ട ഉരച്ചാലുണ്ടാവുന്ന ശബ്ദം! അപ്പോൾ മാത്രമാണ് ഞാൻ ബസ്സിലാണെന്നും എന്റെ ചുറ്റുപാടും ആളുകളിരിക്കുന്നുണ്ടെന്നും ഞാൻ മനസ്സിലാക്കിയതു്.

എന്റെ മുൻവശത്തുള്ള സീറ്റിൽ ഒരു യുവാവും യുവതിയും ഇരുന്നിരുന്നു. ആ യുവതിയെ എനിക്കു കണ്ടുപരിചയമുണ്ട്. ഞാൻ ഒന്നു സൂക്ഷിച്ചുനോക്കി. അപ്പോഴേയ്ക്കും ആ യുവാവിന്റെ ക്രുദ്ധദൃഷ്ടികൾ എന്നിലേക്കു പതിഞ്ഞു. തീർച്ചയാണ് എന്റെ തുറിച്ചനോട്ടങ്ങൾ ആയാൾക്കത്ര ഇഷ്ടമായിട്ടില്ല. പൊടിമീശക്കാരനായ ആയാളുടെ മുഖഭാവം മാറി. എന്നാലും എന്റെ ജിജ്ഞാസ എന്നെ വിട്ടുമാറിയില്ല. ഏതാണ് തടിച്ചു വെളുത്ത സുന്ദരിയായ ഈ സ്ത്രീ? ഞാൻ ആലോചിച്ചു. ഞാൻ അവളെ കണ്ടുപരിചയം ധാരാളമുണ്ട്. ഞാൻ വീണ്ടും വീണ്ടും ഉറ്റുനോക്കി.

"നിങ്ങളേതാണ്?" പെട്ടെന്ന് ആ യുവാവു എന്നോടു ചോദിച്ചു. ആയാളെന്റെ മനോഗതിയെ മറ്റൊരു ചാലിലേക്കു തിരിച്ചുവിടണമെന്നു വെച്ചിട്ടായിരിക്കണം ഇങ്ങനെ ചോദിച്ചതു്. സൌമ്യത തീരെയില്ലാത്ത ആ ചിലമ്പിച്ച സ്വരത്തിൽനിന്നു എനിക്കതു ബോദ്ധ്യമായി.

"ഞാനൊരു വഴിപോക്കൻ മാത്രം" ഞാൻ പ്രതിവചിച്ചു.

"അതെനിക്കു മനസ്സിലായി" ആയാൾ അല്പം നീരസഭാവത്തിൽപ്പറഞ്ഞു. "കൂടുതൽ അറിയണമെന്നുണ്ട് എനിക്ക്."

"ഓ!" ഞാനൊന്നു മൂളുകമാത്രം ചെയ്തു.

അതാ, ആ യുവതി എന്നെ ഉറ്റുനോക്കുന്നു. എന്റെ ശ്രദ്ധ അവിടേക്കു പതിഞ്ഞു: ഞാൻ ആ വിദ്വാന്റെ സംഭാഷണത്തിൽനിന്നു സ്വയം പിന്മാറി. ഞങ്ങൾ അന്യോന്യം തുറിച്ചുനോക്കി; ഞങ്ങളുടെ കൺമിഴികൾ തമ്മിൽ കൂട്ടിമുട്ടി. എന്തോ ചില സ്മരണകൾ, മധുരങ്ങളായ സ്മരണകൾ, എന്നിലുദിച്ചുയർന്നു, എനിക്കാവേശം തോന്നി—എന്തെന്നില്ലാത്ത ഒരാവേശം!

വളരെക്കാലമായി ഞാൻ സ്ത്രീകളെ തുറിച്ചു നോക്കാറില്ല. എനിക്കു ആ കാര്യത്തിൽ ആസക്തി കുറഞ്ഞുവരികയാണ്. പിന്നെ എന്റെ ആ "അവളുടെ" വട്ടക്കണ്ണുകൾ ഇതൊക്കെ കാണില്ലെ എന്നൊരു ശങ്ക എന്നെ എപ്പോഴും ഇത്തരം കൃത്യങ്ങളിൽനിന്നു പിൻതിരിപ്പിക്കാറുണ്ട്. അല്ലെങ്കിൽത്തന്നെ എന്റെ "അവൾക്കു" എന്നെപ്പറ്റി സംശയമാണ്—പോരെങ്കിൽ അവളുടെ ബന്ധുക്കൾ എന്നെപ്പറ്റി വേണ്ടത്ര പുലഭ്യങ്ങൾ പറഞ്ഞു കൊടുത്തിട്ടും ഉണ്ട്.

പക്ഷെ ഇവിടെ എനിക്കെന്തോ ഒരു പ്രത്യേകത തോന്നി. "നിങ്ങളെവിടെ നോക്കുന്നു?" ആ യുവാവു് ദേഷ്യഭാവത്തിൽ ചോദിച്ചു.

"ഇഷ്ടമുള്ളടത്തേക്കു്" ഞാൻ പറഞ്ഞു്, "എന്റെ കാഴ്ചക്കു നികുതികെട്ടാൻ താങ്കൾക്കധികാരമില്ല." ആയാളൊന്നും മിണ്ടിയില്ല. പുറത്തേക്കു കാക്കിച്ചൊന്നു തുപ്പി. എന്നിട്ടു അഴിഞ്ഞിരുന്ന കുപ്പായക്കുടുക്കുകൾ ശരിയാക്കി. യുവതിയുടെ അരികിലേക്കു കുറച്ചുകൂടി നീങ്ങിയിരുന്നു.

"ഇതു ഘോഷാസ്പത്രിയാണ്" ആയാൾ ആ യുവതിക്കു ചൂണ്ടിക്കാണിച്ചുകൊടുത്തു. എന്റെ നോട്ടം ഘോഷാസ്പത്രിയിലെ ഫ്ലോറൻസ് വാഡിലേക്കും, അതിന്നു കീഴിലുള്ള മരച്ചോട്ടിലേക്കും പറന്നുചെന്നു. "ഇതു ഒരു വലിയ ആശുപത്രിയാണ് മറിയക്കുട്ടി!" ആയാൾ അവൾക്കു വിസ്തരിച്ചു കൊടുത്തു.

"ഓച്ചന്തുരുത്തുകാരി ഒരു നഴ്സുണ്ടവിടെ" ആ യുവതി ആദ്യമായി സംസാരിച്ചു.

"അപ്പോൾ" ഞാൻ ഇടയിൽക്കടന്നു ചോദിച്ചു, "നിങ്ങൾ ഓച്ചന്തുരുത്തുകാരേണോ?"

"ആവൊ" ആ യുവാവ് കോപാന്ധനായി പ്രത്യുത്തരം പറഞ്ഞു. "നിങ്ങൾക്ക് എന്തു വേണം? ഏ! നിങ്ങൾക്കു ലേശവും മര്യാദയില്ലെന്നു തോന്നുന്നുവല്ലോ."

"അതേ എന്റെ സ്വദേശം ഓച്ചന്തുരുത്തിലാണ്. ഇദ്ദേഹം തിരുവല്ലാക്കാരനാണ്." മറിയക്കുട്ടി പറഞ്ഞു.

"നീയെന്തിനാണു പെണ്ണേ ഇടയിൽക്കടന്നു പറയുന്നതു്." ആ യുവാവിന്നു കലികയറി.

"നിങ്ങൾ മത്തായിയുടെ മകളാണോ?" ഞാൻ ജിജ്ഞാസയോടെ ചോദിച്ചു.

"അതേ."

ബസ്സിൽനിന്നു ഞങ്ങൾ മൂവ്വരും ഇറങ്ങി. ആയാൾ ഉടനെ "റിക്ഷാ റിക്ഷാ" എന്നു വിളിച്ചു. എനിക്കു മനസ്സിലായി ആയാളുടെ ഉദ്ദേശം. ഏതു വിധേനയെങ്കിലും എന്നിൽനിന്നു ഒഴിഞ്ഞു മാറണമെന്നു ആയാൾക്കു വലിയ ആഗ്രഹമുണ്ടായിരുന്നു. അതിന്നാണ് റിക്ഷയിൽ സവാരി ചെയ്യാൻ ആയാൾ തീർച്ചയാക്കിയതു്. റിക്ഷാക്കാരനോടു ആയാൾ സ്ഥലം പറഞ്ഞുകൊടുത്തു. പക്ഷെ അവൻ കൂടുതൽ കൂലി ആവശ്യപ്പെട്ടു. അവർ തമ്മിൽ വലിയ വാക്‌തർക്കമായി.

ഇതിനിടക്കു മറിയക്കുട്ടിയോടു ഞാൻ സംഗതികളെല്ലാം ചോദിച്ചു. ആ പഴയ മറിയക്കുട്ടിയാണതു്. ആറു കൊല്ലം മുമ്പു ഓച്ചന്തുരുത്തിൽക്കണ്ട ആ കൊച്ചുപെണ്ണ്!. ഓ! ഇന്നു അവൾ എത്ര വലുതായിരിക്കുന്നു; എത്രമേൽ സുന്ദരിയായിരിക്കുന്നു—ഒരു സിനിമാനടിക്കുള്ള സൌന്ദര്യം! "ദേ! ദേ! റിക്ഷ വേണ്ട നടന്നുപോവാം." അവൾ അവളുടെ ഭർത്താവിനോടു—ഇതു ഞാൻ ഊഹിച്ചിരുന്നു. പക്ഷെ അവൾ പറഞ്ഞപ്പോൾതികച്ചും ബോദ്ധ്യമായി——പറഞ്ഞു "ഇദ്ദേഹം കൂടി വീട്ടിലേക്കു വരുന്നുണ്ടത്രേ അപ്പനെയൊക്കെ കാണാൻ. അവക്കൊക്കെ അറിയാം ഇയാളെ പണ്ടു കണ്ടുപരിചയം കൊണ്ടാണ് ഇങ്ങിനെ തുറിച്ചു നോക്കിയിരുന്നതു" അവൾക്കു ചിരിവന്നു.

അവളുടെ ഭർത്താവു ഇളിഭ്യതയോടെ ചിരിക്കാൻ ശ്രമിച്ചു; പക്ഷെ സാധിച്ചില്ല. "എക്ക്യൂസ് മി" ആയാൾ എന്നോടു പറഞ്ഞു. പാവം അയാളുടെ അപ്പോഴത്തെ മുഖഭാവം ചിത്രീകരിച്ചാൽ, ആ ചിത്രകാരന്നു ഏറ്റവും വലിയ സമ്മാനം കിട്ടും.

ഞങ്ങൾ പിന്നീടു വളരെ ലോഗ്യമായി. 'ബിഗ് സ്ട്രീറ്റി'ലുള്ള അവരുടെ വീട്ടിലെത്തിയപ്പോൾ എനിക്കതിശയം തോന്നി. വലിയൊരു വീട്. ഇവർക്കെങ്ങിനെ ഇത്രയധികം സമൃദ്ധിയും സുഖസൌകര്യങ്ങളും ഉണ്ടായി?

മത്തായി എന്നെ കണ്ട ഉടനെ മനസ്സിലായി. "ഓ! കുഞ്ഞിനെ കണ്ടിട്ടു കാലമെത്രയായി?" ആയാൾ ആശ്ചര്യത്തോടെ ചോദിച്ചു. "അഞ്ചാറു വർഷം മുമ്പാണതു്" ആയാളുടെ ഭാര്യ കണക്കുകൂട്ടി.

എനിക്കവിടെ ലഭിച്ച ആതിഥ്യം വളരെ മെച്ചപ്പെട്ടതായിരുന്നു. അറിയാത്ത ആരെങ്കിലും കണ്ടാൽ ഞാൻ അവിടുത്തെ മാപ്പിളയാണെന്നേ വിചാരിക്കയുള്ളൂ. അന്നവിടെനിന്നു എന്നെ പോകുന്നതിന്നു മത്തായി സമ്മതിച്ചില്ല. ആയാൾ പറഞ്ഞു: "കുഞ്ഞിന്നു പോവരുതു്. എനിക്കു ഒരുപടി പറയാനുണ്ട്. മത്തായി കുറെ മിടുക്കനാണിപ്പോൾ. നമുക്കിന്നു ഒരു ആഘോഷമൊക്കെ നടത്തണം."

"അങ്ങേരേയും അപ്പൻ കുടി പഠിപ്പിക്കേണ്ട" മറിയക്കുട്ടി ഇടയിൽ കടന്നു പറഞ്ഞു.

"കള്ളപ്പടി വിസ്കി, മാക്ഡുവൽസ് വിസ്കി, ഓജസ്സും, തണ്ടും തടിയും ഉണ്ടാക്കുന്ന വിസ്കിയാണ് അപ്പൻ ഇപ്പൊ കുടിക്കുന്നതു്" കിഴവൻ അഭിമാനപൂർവ്വം പറഞ്ഞു.

അപ്പോഴേക്കും ഔസേപ്പും അന്തോണിയും വന്നെത്തി. അവക്കു എന്നെ ഒറ്റനോട്ടത്തിൽ മനസ്സിലാക്കാൻ സാധിച്ചു.

"ചേട്ട! സാഗറിലെ സിനിമക്കു പോണാ" അന്തോണി എനിക്കു ക്ഷണം നൽകി.

"ചേട്ടൻ സിനിമക്കു ഒന്നും പോകണ്ട. യൂനിയനാപ്പീസിൽ വരണം. ഓ! ഞങ്ങൾക്കൊരു യൂനിയനുണ്ട് ചേട്ടാ" ഔസേപ്പ് പറഞ്ഞു തുടങ്ങി.

“ആയിരത്തഞ്ഞൂറ് അംഗങ്ങളുണ്ടു യൂനിയനിൽ. ഞങ്ങൾ ഘോഷയാത്ര പോവും. മീററിങ്ങ് കൂടും. ഞങ്ങടെ യൂനിയൻ എത്ര കേമമാണെന്നോ ?”

“ചേട്ടൻ പൃഥ്വീരാജിന്റെ ആക്ട് കണ്ടിട്ടുണ്ടോ ?” അന്തോണി ചോദിച്ചു.

“ആർ. എസ്. നിംകറെ കേട്ടിട്ടുണ്ടോ ?” ഇതായിരുന്നു ഔസേപ്പിന്റെ ചോദ്യം.

“വീണ്ടു കടക്കാരൻ പുരുഷോത്തമൻ തിരുവിളക്കണ്ണിയിൽ ഒരു ഷാപ്പു തുറന്നുകൂടേ.” മത്തായിയുടെ ആവശ്യം ഇതായിരുന്നു.

“ഏതു നിംകർ ? ലേബർ ആഫീസറോ ? കേട്ടിട്ടുണ്ടു” ഞാൻ പറഞ്ഞു.

“അദ്ദേഹം വലിയ ആളാണ്. ജെയിലിലൊക്കെ ഇരുന്നിട്ടുണ്ടു്. എന്തൊരു പ്രസംഗമാണെന്നോ ?

ഞങ്ങളുടെ യൂനിയൻ മീററിങ്ങിൽ പ്രസംഗിച്ചു.”

“ഇവൻ തന്നത്താൻ പുകഴ്ത്തുകയാണ്” അന്തോണി ഔസേപ്പിനെ പരിഹസിച്ചു. “ഇവനു ഷേക്ക്ഹാൻറുകൊടുത്തു ആയാൾ, അതു ആരോടും വിളമ്പുകയാണ് പൂപ്പരുടെ പണി.”

എനിക്കു ആ കൂട്ടത്തിൽ ഔസേപ്പിനോടാണ് കൂടുതൽ ഇഷ്ടം തോന്നിയതു്. അവൻ വളരെയധികം ബുദ്ധിശാലിയായിരുന്നു. ഇപ്പോൾ ഒരു തികച്ച പുത്തനായ യുവാവായിത്തീന്നിരിക്കുന്നു. ഒരു നല്ല വിവേകശാലി.

എന്റെ ചിന്തകൾ ആറു കൊല്ലം പിന്നിലേക്കു് കടന്നുപോയി. ഓച്ചന്തുരുത്തിലെ ബോട്ടുജെട്ടി, മത്തായിയുടെ ചെറുകടിൽ, പിറുപിറുക്കൽ, മറിയക്കുട്ടിയുടെ ക്ഷണനം—ഇതൊക്കെ വീണ്ടും ഞാൻ സ്മരണയിൽ അയവിറക്കി. ഇന്ന് ഈ കുടുംബത്തിന്നു ദാരിദ്ര്യമില്ല എല്ലാവരും വളരെ ഐക്യത്തിലും തൃപ്തിയിലും കഴിയുന്നു. കാലത്തിന്റെ മാററം!

അപ്പോൾ പെട്ടെന്ന് എങ്ങിനെയാണ് ഈ വമ്പിച്ച പരിവത്തനം വന്നതു് ?

മറിയക്കുട്ടിയുടെ ഭത്താവ് തോമസാണ് ഇതിന്നു കാരണക്കാരൻ. ആയാൾ ഇവിടെ ഒരു തയ്യൽക്കടയിട്ടിരുന്നു. യുദ്ധം വന്നപ്പോൾ, ആയാൾ ചെറിയ ഒരു മിലിട്ടറി കോൺട്രാക്ട് എടുത്തു. ഇപ്പോൾ ഇരുപതു മിഷ്യനുണ്ടു് ആയാളുടെ സെക്ഷനിൽ. മത്തായിയാണ് എല്ലാം കൊണ്ടുനടത്തുന്നതു്. ഔസേപ്പും അന്തോണിയും അവിടെ തയ്യൽക്കാരാണ്. രണ്ടുപേരുംകൂടി ദിവസം 5 ക. സമ്പാദിക്കും. ആകപ്പാടെ അവക്കു് നല്ല സമ്പാദ്യമുണ്ടു്. മത്തായിക്കു തികച്ചും സുഖമാണ്. മൂക്കററം കുടിച്ചാലും ആയാൾക്കു് സമ്പാദിക്കാനുള്ള വഴിയുണ്ടു്. ആ കുടുംബം 5,000 ത്തിൽ കൂടുതൽ ഉറുപ്പിക ബാങ്കിൽ നിക്ഷേപിച്ചിട്ടുണ്ടു്. യുദ്ധം കഴിഞ്ഞാൽ ഉടനെ നാട്ടിൽ പോയി ഒരു തുണിച്ചരക്കുകട ഏപ്പാടു ചെയ്യണമെന്ന യുദ്ധാനന്തര പുനഃസ്സംഘടനപദ്ധതി കൂടി അവർ തയ്യാറാക്കിയിരിക്കുന്നു.

ഞാൻ രണ്ടു മൂന്നു ദിവസം അവിടെ താമസിച്ചു. എല്ലാവരും വളരെ മമതയോടെയാണ് പെരുമാറിയതു്. ഔസേപ്പിന്റെ യൂനിയൻ യോഗത്തിലും ഒരിക്കൽ സംബന്ധിക്കയുണ്ടായി. അവിടെ “ചൂഷണം, അക്രമം, മദ്ദനം, സമത്വം” ഇങ്ങിനെയുള്ള കാര്യങ്ങളെപ്പററി ഓരോരുത്തർ പ്രസംഗിക്കുന്നു !!

അന്ന് അവരുടെ ഫാസിസ്റ്റ് വിരോധറാലിയായിരുന്നു. ഔസേപ്പാണ് അദ്ധ്യക്ഷം വഹിച്ചതു്. ഫാസിസത്തെപ്പററിയും, ഹിററ്ലറുടെ ക്രൂരതകളെക്കുറിച്ചും, സഖ്യശക്തികൾ ജയിക്കേണ്ട ആവശ്യകത, ഇന്ത്യക്കാർ യുദ്ധസഹായം ചെയ്യേണ്ട കത്തവ്യം ഇവയെപ്പററിയുമൊക്കെ ആയാൾ നീണ്ട ഒരു പ്രസംഗംചെയ്തു. ഞാനാകപ്പാടെ അമ്പരന്നു. അതെ ആയാൾ ഈ യുദ്ധത്തിന്റെ ഒരു സന്താനമാണ്—ആ കുടുംബത്തിന്റെ പുരോഗതിതന്നെ ഈ യുദ്ധം മൂലമാണ്.

യുദ്ധത്തിന്റെ ഗുണഭാഗങ്ങളിലൊന്നാണ് ഈ കുടുംബത്തിന്റെ ചരിത്രം. കേരളക്കരയിലെ കുഗ്രാമത്തിൽനിന്നു വന്ന ഒരു കുടുംബം, ഇന്നു നഗരത്തിന്റെ സമൃദ്ധിയിലും പരിഷ്കാരത്തിലും, തഴച്ചുവളരുന്നു !



ഡബ്ലിയു. എ. സി. ഐ. യുടെ കടൽ സേനാവിഭാഗത്തിന്റെ ചീഫ് പെററി ആഫീസർ മൊയ്ന ഇമാം

PRINTED BY THE SUPERINTENDENT, GOVERNMENT PRESS AND PUBLIHSED BY THE DIRECTOR OF WAR PUBLICITY, “VICTORY HOUSE”, MOUNT ROAD, MADRAS.